# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഒക്ടോബർ 20, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### അടിയന്തരപ്രമേയം

### അന്വേഷണറിപ്പോർട്ട് കോടതി നിരാകരിച്ചതായി പറയപ്പെടുന്ന സംഭവം

മി. സ്പീക്കർ : ട്രൈബ്യൂണൽ, കമ്മീഷൻ മുതലായവയുടെ മുൻപാകെയുള്ള സംഗതികളെപ്പറ്റി ചർച്ചയ്ക്കുള്ള പ്രമേയം പരിഗണനയ്ക്കെടുക്കുന്നത് സ്പീക്കറുടെ വിവേചനാധികാരത്തിൽ വരുന്ന കാര്യമാണ്. സഭയുടെ സുഗമമായ നടത്തിപ്പിനും സഭയുടെ അവകാശത്തെ സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള ഒരു തീരുമാനമെടുക്കണമെന്നാണ് ചെയർ ആഗ്രഹിക്കുന്നത്. പ്രമേയം പരിഗണനയ്ക്കെടുക്കുന്നു.

ഐസ്ക്രീം പാർലർ പീഡനവുമായി ബന്ധപ്പെട്ട് രണ്ട് പെൺകുട്ടികൾ ട്രെയിനിന് മുന്നിൽ ചാടി ജീവനൊടുക്കിയ സംഭവം സംബന്ധിച്ച യഥാർത്ഥ അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റി കേസ് അട്ടിമറിക്കാൻ ശ്രമം നടത്തിയതുമൂലം ഉണ്ടായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി

വിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി കെ.കെ. ലതിക, സർവ്വശ്രീ വി.എസ്. സുനിൽകുമാർ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഐസ്ക്രീം പാർലർ പീഡനവുമായി ബന്ധപ്പെട്ട് രണ്ട് പെൺകുട്ടികൾ 29-10-1996-ൽ ട്രെയിനിന് മുന്നിൽ ചാടി ജീവനൊടുക്കിയ സംഭവത്തിനുശേഷം 9 വർഷം എൽ.ഡി.എഫ്. അധികാരത്തിലുണ്ടായിരുന്നു. ഈ കാലഘട്ടങ്ങളിൽ നടന്ന ഒരന്വേഷണത്തിലും ഈ സംഭവവുമായി ഒരു ബന്ധമുണ്ടെന്ന് സ്ഥാപിച്ചിട്ടില്ല. കോഴിക്കോട് അസിസ്റ്റന്റ് കമ്മീഷണറുടെ റിപ്പോർട്ട് അവിടത്തെ ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി നിരാകരിച്ചുവെന്ന് നോട്ടീസിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും അങ്ങനെയൊരു റിപ്പോർട്ട് ഈ അസിസ്റ്റന്റ് കമ്മീഷണർ നൽകിയിട്ടില്ല. 12-05-2011-ൽ അന്നത്തെ മുഖ്യമന്ത്രി ഉത്തരവിട്ടതിനെത്തുടർന്ന് എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ നിയോഗിച്ച ടീമിലെ അസിസ്റ്റന്റ് കമ്മീഷണറാണ് ഐസ്ക്രീം പാർലർ കേസ് അന്വേഷിച്ചത്. അന്വേഷണച്ചുമതലയുണ്ടായിരുന്ന എ.സി.പി.യുടെ റിപ്പോർട്ട് ഇപ്പോൾ ചാർജ് വഹിക്കുന്ന എ.സി.പി. കവറിംഗ് ലെറ്ററോടുകൂടി കോടതിയിൽ കൊടുക്കുക മാത്രമാണ് ചെയ്തത്. ഈ കേസ് അന്വേഷിച്ച ഉദ്യോഗസ്ഥൻ വരട്ടെയെന്ന് കോടതി പറഞ്ഞിരിക്കുകയാണ്. ഈ കേസ് സംബന്ധിച്ച് ഇപ്പോഴത്തെ എ.സി.പി. അന്വേഷിക്കുകയോ റിപ്പോർട്ട് നൽകുകയോ ചെയ്തിട്ടില്ല. സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ടതില്ല.

<u>ശ്രീമതി കെ.കെ. ലതിക</u> : അന്വേഷണ റിപ്പോർട്ട് കോടതി നിരാകരിച്ചുവെന്നാണ് പത്രമാധ്യമങ്ങളിലുള്ളത്. ഈ കേസ് സംബന്ധിച്ച് അന്വേഷണം നടത്താത്ത എ.സി.പി.-ക്ക് ഇതുസംബന്ധിച്ച് പുനരന്വേഷണം നടത്തേണ്ടെന്ന് കവറിംഗ് ലെറ്ററിലൂടെ എങ്ങനെയാണ് പറയാൻ കഴിയുക എന്ന് വ്യക്തമാക്കണം. ഐസ്ക്രീം പാർലർ പീഡനക്കേസ്സുമായി ബന്ധപ്പെട്ട് കോഴിക്കോട് എം.ഇ.എസ്. വനിതാ കോളേജിലെ രണ്ട് വിദ്യാർത്ഥിനികൾ ജീവനൊടുക്കിയ സംഭവത്തെ സംബന്ധിച്ച കേസ് അട്ടിമറിക്കാനുള്ള ശ്രമമാണ് ഇപ്പോഴത്തെ എ.സി.പി.-യെ ഉപയോഗിച്ച് ഗവൺമെന്റ് നടത്തിയത്. അന്വേഷണോദ്യോഗസ്ഥൻ റിപ്പോർട്ട് കൊടുക്കണമെന്നാണ് കോഴിക്കോട് ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി ഉത്തരവ്. 1996 ഒക്ടോബർ 29-നാണ് 3 പെൺകുട്ടികളിൽ രണ്ടുപേർ ആത്മഹത്യ ചെയ്യുകയും ഒരാൾ ഓടിരക്ഷപ്പെടുകയും ചെയ്തത്. തൊട്ടടുത്തുള്ള പി.വി.എസ്. അപ്പാർട്ട്മെന്റിലെ രണ്ട് സെക്യൂരിറ്റി സ്റ്റാഫും രക്ഷപ്പെട്ട പെൺകുട്ടിയുമാണ് ഈ സംഭവത്തിലെ സാക്ഷികളായിട്ടുള്ളത്. രണ്ട് സെക്യൂരിറ്റി സ്റ്റാഫും ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടിട്ടുണ്ട്. ഓടിരക്ഷപ്പെട്ട പെൺകുട്ടി എവിടെയാണ് ഉള്ളതെന്നറിയില്ല. മരണപ്പെട്ട പെൺകുട്ടികളുടെ രക്ഷിതാക്കൾ പരാതി നൽകിയിട്ടും എഫ്.ഐ.ആർ. തയ്യാറാക്കുകയോ കേസ്സന്വേഷണം നടത്തുകയോ ഉണ്ടായിട്ടില്ല. റൗഫിന്റെ പുതിയ വെളിപ്പെടുത്തലിൽ സെക്യൂരിറ്റി ജീവനക്കാർക്ക് പതിവായി പണം നൽകാറുണ്ടായിരുന്നുവെന്നും അത് നിലച്ചതിനുശേഷമാണ് അവർ മരണപ്പെട്ടിട്ടുള്ളതെന്നുമാണ് പറയുന്നത്. ഈ കേസ്സന്വേഷണത്തെ അട്ടിമറിക്കാനാണ് പുനരന്വേഷണം ആവശ്യമില്ലെന്ന നിലയിൽ അന്വേഷണ ഉദ്യോഗസ്ഥനുപകരം ഇപ്പോഴത്തെ അസിസ്റ്റന്റ്

കമ്മീഷണർ കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല. ഈ കേസുമായി ബന്ധപ്പെട്ട മൂന്നാമത്തെ കുട്ടി ജീവിച്ചിരിപ്പുണ്ടോയെന്ന് കണ്ടെത്താൻ കഴിഞ്ഞാൽ മറ്റ് രണ്ട് കുട്ടികളുടെ മരണം ആത്മഹത്യയാണോ കൊലപാതകമാണോയെന്ന കാര്യം ബോധ്യമാകുന്നതാണ്. മരണപ്പെട്ട കുട്ടികളുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് പോലും കാണാനില്ലെന്നാണ് മനസ്സിലാക്കുന്നത്. എം.ഇ.എസ്. കോളേജിലെ ഈ കുട്ടികളുടെ പശ്ചാത്തലത്തെക്കുറിച്ച് യാതൊരുവിധ അന്വേഷണവും നടത്താതെ പുനരന്വേഷണം ആവശ്യമില്ലെന്ന നിലയിൽ റിപ്പോർട്ട് കൊടുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കണം. ഇപ്പോഴത്തെ കോഴിക്കോട് അസിസ്റ്റന്റ് കമ്മീഷണറെ സർവ്വീസിൽനിന്നും പുറത്താക്കി അന്വേഷണം നടത്താൻ തയ്യാറാകണം. റൗഫിനേയും മൂന്നാമത്തെ പെൺകുട്ടിയേയും ചോദ്യം ചെയ്യാനാവശ്യമായ സംവിധാനമുണ്ടാകണം. യഥാർത്ഥ കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരണം. സ്ത്രീകളേയും പാവപ്പെട്ടവരെയും ആക്രമിക്കുന്ന സംഭവങ്ങളിലെ പ്രതികളെന്ന് കരുതുന്നവരെ രക്ഷപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുകയാണ്. അത്യന്തം ഗുരുതരമായ ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സത്യം പുറത്തുവരുമെന്ന അഭിപ്രായത്തോട് ഗവൺമെന്റിന് യോജിപ്പാണുള്ളത്. കോഴിക്കോട് ഐസ്ക്രീം പാർലർ കേസുമായി ബന്ധപ്പെട്ട് എം.ഇ.എസ്. വനിതാ കോളേജിലെ രണ്ട് പെൺകുട്ടികൾ ട്രെയിനിന് മുന്നിൽ ചാടി ജീവനൊടുക്കിയ സംഭവത്തെക്കുറിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ഒരാൾ അന്നത്തെ മുഖ്യമന്ത്രിക്ക് പരാതി സമർപ്പിച്ചിരുന്നു. ഈ കേസുമായി ബന്ധപ്പെട്ട്

രൂപീകരിക്കപ്പെട്ട പ്രത്യേക അന്വേഷണ സംഘത്തിന്റെ പരിധിയിൽ ഇക്കാര്യംകൂടി ഉൾപ്പെടുത്തണമെന്നും അടിയന്തര നടപടികൾ കൈക്കൊള്ളണമെന്നും പറഞ്ഞ് ഡി.ജി.പി.ക്ക് പരാതി കൈമാറുകയും ചെയ്തിരുന്നു. പരാതി കൊടുത്ത ആളിനെ അറിയില്ലെന്നും താൻ വേങ്ങരയിലുള്ളപ്പോൾ മുഖ്യമന്ത്രിയാണെന്ന് പറഞ്ഞ് ഒരാൾ ഫോണിൽ ബന്ധപ്പെട്ട് പരാതിയെന്തെങ്കിലുമുണ്ടെങ്കിൽ നടപടി സ്വീകരിക്കാമെന്ന് പറഞ്ഞുവെന്നും പുതിയ താമസസ്ഥലത്തേക്ക് മാറിയത് ആരുടേയും സമ്മർദ്ദം കൊണ്ടല്ലെന്നും ആരും ഒളിപ്പിച്ചുതാമസിപ്പിച്ചിട്ടില്ലെന്നുമാണ് മരണപ്പെട്ട ഒരു കുട്ടിയുടെ പിതാവ് മൊഴി നൽകിയിട്ടുള്ളത്. ഈ കുട്ടിയുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ടും പിതാവിന്റെ മൊഴിയും പോലീസ് സ്റ്റേഷനിലും കോടതിയിലുമുണ്ട്. ഇതിൽ ഒരു പെൺകുട്ടി പീഡനത്തിന് വിധേയയായിട്ടില്ലെന്നതും രണ്ടാമത്തെ പെൺകുട്ടി പരിശോധനയ്ക്ക് വിധേയയാക്കാൻ സാധിക്കാത്തവിധത്തിൽ പരിക്കുപറ്റി മരിച്ചതിനാൽ പരിശോധിച്ചില്ലെന്നതും വെളിപ്പെട്ടിട്ടുള്ളതാണ്. അന്നത്തെ മുഖ്യമന്ത്രിയുടെ ഉത്തരവനുസരിച്ചാണ് ഈ കേസ് അന്നത്തെ എ.സി.പി.യെ ഏൽപ്പിച്ചതും അദ്ദേഹം ആ ടീമിലെ ജെയ്സൺ കെ. എബ്രഹാമിനെ ഏൽപ്പിച്ചതും. ജെയ്സൺ കെ. എബ്രഹാമിന്റെ റിപ്പോർട്ടാണ് അസിസ്റ്റന്റ് കമ്മീഷണർ ശ്രീ. രാധാകൃഷ്ണപിള്ള കോഴിക്കോട് ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റിന് ഫോർവേർഡ് ചെയ്തത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയ

ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**വ്യക്തിപരമായ വിശദീകരണം**

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): പ്രതിപക്ഷ നേതാവ് പതിനഞ്ച് കൊല്ലമായി ഈ വിഷയം സംബന്ധിച്ച് എനിക്കെതിരെ പരാതി കൊടുത്തുകൊണ്ടിരിക്കുകയാണ്. ചുരുക്കം ചില വ്യക്തികളാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്. ഈ വിഷയം സംബന്ധിച്ച യാഥാർത്ഥ്യം പുറത്തുവരും. ഒളിവിലാണെന്ന് പറയപ്പെടുന്ന ആളെ അങ്ങോട്ടുവിളിച്ച് പരാതി തരാൻ പറഞ്ഞ നടപടി ശരിയല്ല. അതിന്റെ നിയമവശം പരിശോധിക്കണം.

**ശ്രദ്ധക്ഷണിക്കൽ**

(1) **കുത്തക കമ്പനികളുടെ കടന്നുകയറ്റം**

ശ്രീ. ഇ പി. ജയരാജൻ: കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച കൗൺസിൽ ഫോർ റിസർച്ച് ഓൺ ഇന്റർനാഷണൽ എക്കണോമിക് റിലേഷൻസ് സമർപ്പിച്ച റിപ്പോർട്ടിൽ ചെറുകിട വ്യാപാരരംഗത്ത് വിദേശ കുത്തകകളുടെ കടന്നുവരവ് വലിയ അപകടം ഉണ്ടാക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. അതിനുശേഷം രൂപീകരിച്ച പല കമ്മിറ്റികളും റീട്ടെയിൽ വ്യാപാര മേഖലയിൽ നിന്നും വിദേശ കുത്തക കമ്പനികളെ നിരോധിക്കണമെന്ന് ശുപാർശ ചെയ്തിട്ടുള്ളതാണ്. എന്നിട്ടും കേന്ദ്രഗവൺമെന്റ് വിദേശ കുത്തക കമ്പനികൾക്ക് കടന്നുവരാനുള്ള സാഹചര്യം ഒരുക്കുകയാണ് ചെയ്യുന്നത്. ഒറ്റ ബ്രാൻഡ് ഉൽപ്പന്നങ്ങൾ ഇൻഡ്യൻ കമ്പനികളുമായി ചേർന്ന് വ്യാപാരം നടത്താൻ അനുമതി നൽകിയതിനെത്തുടർന്ന് അത്തരം ഉൽപ്പന്നങ്ങൾ

വൻതോതിൽ ഉൽപ്പാദിപ്പിക്കുകയും പല വിദേശ കമ്പനികളും ഇൻഡ്യൻ വ്യാപാര മേഖല കയ്യടക്കുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം ലക്ഷക്കണക്കിന് ചെറുകിട ഇടത്തരം കച്ചവടക്കാരുടെ ഉപജീവനമാർഗ്ഗം നഷ്ടമായിട്ടുണ്ട്. കേരളത്തിലെ തൊഴിൽ രഹിതരായ ചെറുപ്പക്കാർ ആശ്രയിക്കുന്ന ചെറുകിട വ്യാപാര ശൃംഖലയെ തകർക്കുന്ന ഈ നടപടി ശരിയല്ല. ഇൻഡ്യയിലെ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിനും ഊഹക്കച്ചവടത്തിനും ഇടനൽകുന്ന ഇത്തരം നടപടിയിൽനിന്ന് ഗവൺമെന്റ് പിൻമാറേണ്ടതാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നിലപാട് കേരളത്തിന്റെ പൊതുതാൽപര്യങ്ങൾക്ക് എതിരാണ്. സംസ്ഥാനത്തെ ചെറുകിട വ്യാപാര രംഗത്തെ സംരക്ഷിക്കാൻ കേരള നിയമസഭ ഐകകണ്ഠ്യേന ഒരു നിലപാട് സ്വീകരിച്ച് കേന്ദ്ര സർക്കാരിനെ അറിയിക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് ശൃംഖലയെ സംരക്ഷിക്കേണ്ടത് സംസ്ഥാനത്തിന്റെ ആവശ്യമാണ്. സബ്സിഡി, മാർജിൻ മണി, സാങ്കേതിക നവീകരണത്തിനുള്ള പദ്ധതി, പ്രൈസ് പ്രിഫറൻസ് എന്നിവ നൽകി ചെറുകിട വ്യാപാര വ്യവസായ സംരംഭങ്ങളെ സംരക്ഷിക്കേണ്ടതുണ്ട്. വൻകിട കമ്പനികളുടെ കടന്നുവരവ് സംസ്ഥാനത്തെ ചെറുകിട വ്യാപാര വ്യവസായ സ്ഥാപനങ്ങളെ ദോഷകരമായി ബാധിക്കു മെന്നതിൽ തർക്കമില്ല. ഇക്കാര്യത്തിൽ ഒരു നിയന്ത്രണവുമില്ലാതെ വിദേശ കമ്പനികൾ കടന്നുവരുന്നത് നല്ലതാണെന്ന് സർക്കാരിന് അഭിപ്രായമില്ല. വിദേശനിക്ഷേപം സംസ്ഥാനത്തേക്ക് വരുന്നത് പൂർണ്ണമായും തടയാൻ സാധിക്കുകയില്ല. ചെറുകിട വ്യാപാര വ്യവസായ രംഗത്തെ സംരക്ഷിക്കുക എന്നുള്ളതാണ് സർക്കാരിന്റെ നയം. അതിനുവേണ്ട എല്ലാ നടപടികളും

സ്വീകരിക്കുന്നതോടൊപ്പം നിലവിൽ ചെയ്യുന്ന കാര്യങ്ങൾ ഒന്നുകൂടി ശക്തിപ്പെടുത്തുന്നതുമാണ്. ഇക്കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(2) അന്തർ തുറമുഖ ചരക്ക് കടത്ത് ശൃംഖല

ശ്രീ. വി. പി. സജീന്ദ്രൻ: കൊച്ചി തുറമുഖംവഴിയുള്ള ചരക്ക് ഗതാഗതവും തീരദേശ കാർഗോ ട്രാഫിക്കും വർദ്ധിച്ച സാഹചര്യത്തിൽ കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ സാധ്യത കണക്കിലെടുത്ത് ചെറുതും വലുതുമായ തുറമുഖങ്ങളെ ബന്ധപ്പെടുത്തി ചെറുകിട കപ്പലുകൾവഴി ചരക്ക് ഗതാഗതം നടത്താൻ കഴിയണം. കരമാർഗ്ഗമുള്ള ചരക്ക് ഗതാഗതത്തിൽ 50% ജലമാർഗ്ഗം സാധിക്കുന്ന തരത്തിൽ കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി വിഭാവന ചെയ്യണം. സംസ്ഥാനത്തെ തുറമുഖങ്ങൾ നവീകരിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും വലുതും-ചെറുതുമായ തുറമുഖങ്ങൾ ബന്ധപ്പെടുത്തി ഒരു ഇന്റർ ട്രാൻസിസ്റ്റർ നെറ്റ്‌വർക്ക് സംവിധാനം ആവിഷ്ക്കരിക്കുകയും ചെയ്യണം. തുറമുഖ നവീകരണ പരിപാടികൾക്ക് കേന്ദ്ര സർക്കാരിൽനിന്നും കൂടുതൽ തുക ലഭ്യമാക്കണം. പദ്ധതി പ്രാവർത്തികമാക്കുന്നതിന് വിഘാതമായി നിൽക്കുന്ന നിലവിലുള്ള നിയമങ്ങൾ ഭേദഗതി ചെയ്യണം. തുറമുഖങ്ങളിലെ കയറ്റിറക്ക് പ്രശ്നങ്ങൾ പരിഹരിക്കുന്നതോടൊപ്പം ചെലവ് കുറഞ്ഞ മാർഗ്ഗത്തിൽ ചരക്ക് കടത്ത് സാധ്യതയുള്ള കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി വേഗത്തിൽ പൂർത്തിയാക്കണം.

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കേരളത്തിലെ ചെറുതും-വലുതുമായ തുറമുഖങ്ങളേയും ഉൾനാടൻ ജലപാതകളേയും ബന്ധിപ്പിച്ച് ചരക്ക് ഗതാഗതവും യാത്രാസൗകര്യവും

ഒരുക്കുകയാണ് കോസ്റ്റൽ ഷിപ്പിംഗ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. കേരളത്തിലെ 590 കിലോമീറ്റർ ദൈർഘ്യമുള്ള കടൽത്തീരവും തുറമുഖങ്ങളും 1647 കിലോമീറ്റർ ഉൾനാടൻ ജലപാതകളും ഉപയുക്തമാക്കി വ്യവസായ-വാണിജ്യ കേന്ദ്രങ്ങളെ ഇന്ത്യയിലെ മറ്റു തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്ന പദ്ധതിയാണിത്. കേരളത്തിലെ ചരക്ക് ഗതാഗതത്തിൽ 20 ശതമാനം ജലപാത വഴിയാക്കുന്നതിനാണ് ലക്ഷ്യം വയ്ക്കുന്നത് അന്തരീക്ഷ മലിനീകരണം ഒഴിവാക്കുകയും തീപിടിത്തം തടയുകയും വഴി അപകടങ്ങൾ കുറയ്ക്കാനും കഴിയും. അഴീക്കൽ, ബേപ്പൂർ, കൊടുങ്ങല്ലൂർ, വിഴിഞ്ഞം, പൊന്നാനി, കാസർഗോഡ് തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്ന നടപടി വിവിധ ഘട്ടങ്ങളിലാണ്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ചുമതലപ്പെടുത്തിയ കൺസൾട്ടൻസിയുടെ റിപ്പോർട്ട് 12-10-2011-ൽ ഗവണ്മെന്റിന് ലഭിച്ചിട്ടുണ്ട്. കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി സംബന്ധിച്ച വ്യാപാര-വാണിജ്യ-വ്യവസായ രംഗത്തെ പ്രമുഖർ, ഷിപ്പിംഗ് ഏജന്റുമാർ, വിദഗ്ദ്ധർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് Stay Orders Workshop സംഘടിപ്പിക്കുകയും അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. കസ്റ്റംസ് നിയമങ്ങൾ, ഇറക്കുമതിച്ചുങ്കം, കബോട്ടാഷ് നിയമം, വെസൽ നിർമ്മാണത്തിനുള്ള ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് എന്നിവ പദ്ധതിയുടെ ഗതിവേഗത്തിന് തടസ്സം സൃഷ്ടിക്കുന്നു. കേന്ദ്രവുമായി ബന്ധപ്പെട്ട നിയമങ്ങൾ അനുകൂലമായി മാറ്റാൻ നിവേദനം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും കോസ്റ്റൽ മേഖലയിലെ എം.എൽ.എ.-മാരുടെയും യോഗം ചേർന്ന് എടുത്ത തീരുമാനമനുസ

രിച്ചുള്ള 10.54 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ടിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**സബ്മിഷൻ**

**(1) കാസർഗോഡ് ട്രാഫിക് പോലീസ് സ്റ്റേഷൻ**

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: കാസർഗോഡ് ജില്ലയിൽ നിലവിലുള്ള ട്രാഫിക് യൂണിറ്റിനെ ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ട്രാഫിക് യൂണിറ്റിനെ ഉടൻതന്നെ ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്തുന്നതായിരിക്കും.

**(2) അടൂരിൽ സബ്കോടതി**

ശ്രീ. ചിറ്റയം ഗോപകുമാർ: കേരള ഹൈക്കോടതിയുടെ പേരിൽ അടൂർ നിയോജകമണ്ഡലത്തിലുള്ള ഒന്നര ഏക്കർ സ്ഥലത്ത് സബ്കോടതി ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അടൂരിൽ സബ്കോടതി അനുവദിക്കുന്ന കാര്യം ഹൈക്കോടതിയുടെ മുൻഗണനാപട്ടികയിൽ പതിനൊന്നാമതായാണ് വരുന്നത്. നിലവിൽ സ്ഥലമുള്ളതിനാൽ പ്രത്യേകമായി പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്.

**(3) വസ്തു ഉടമകൾക്ക് അവകാശം നഷ്ടപ്പെട്ടതുസംബന്ധിച്ച്**

ശ്രീ. സി. ദിവാകരൻ : കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആലപ്പാട്, പന്മന, അയണിവേലികുളങ്ങര എന്നീ വില്ലേജുകളിലെ

ആയിരത്തിൽപ്പരം കുടുംബങ്ങൾ തലമുറകളായി താമസിച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങൾ 2007-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കാത്തതിനാൽ ഉടമസ്ഥർക്ക് കൈമാറ്റം ചെയ്യാനോ പണയപ്പെടുത്താനോ കഴിയാത്ത സാഹചര്യം നിലനിൽക്കെ സ്ഥലമുടമകൾ അറിയാതെ 2011 ആഗസ്റ്റ് 10-ാം തീയതി കരുനാഗപ്പള്ളി പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ആഫീസിൽ ലീസ് എന്ന് പേരിൽ ഐ.ആർ.ഇ.-കാർ 450 ഏക്കർ സ്ഥലം ഗവർണ്ണറുടെ പേരിലേക്ക് മാറ്റം ചെയ്തു. ഉടമകൾക്ക് അവകാശം നഷ്ടപ്പെട്ട അതീവഗുരുതരമായ പ്രശ്നത്തിൽ ജീവകാരുണ്യപരമായ ഒരു ഇടപെടൽ ഉണ്ടാകണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : 2007-ലെ ഗവൺമെന്റ് ഉത്തരവ് മൂലം പ്രസ്തുത വില്ലേജുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് വന്നിരിക്കുന്ന ബുദ്ധിമുട്ടുകൾ വിശദമായി പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

### (4) മുട്ടേൽ - കുപ്പപുറം റോഡ് നിർമ്മാണം

ശ്രീ. തോമസ് ചാണ്ടി : കുട്ടനാട് നിയോജകമണ്ഡലത്തിൽ കൈനകരി പഞ്ചായത്തിലെ മുട്ടേൽ-കുപ്പപുറം റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : കുട്ടനാട് കൈനകരി പഞ്ചായത്തിലെ മുട്ടേൽ-കുപ്പപുറം റോഡിന്റെ ടെണ്ടറിൽ 4.32 ശതമാനം കൂടുതൽ ക്വോട്ട് ചെയ്ത കരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ടെണ്ടർ അംഗീകാരത്തിനായി ചീഫ് എഞ്ചിനീയർ സർക്കാരിൽ

സമർപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ ചീഫ് എഞ്ചിനീയറുടെ വിശദീകരണം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ അനുമതി നൽകുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്. ഫേം പിരീഡ് കഴിഞ്ഞതിനാൽ കോൺട്രാക്ടർ എഗ്രിമെന്റ് വയ്ക്കാൻ സമ്മതിക്കുന്നില്ലെങ്കിൽ വർക്ക് റീടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ വർക്കിന് 2013 മാർച്ച് 31 വരെ നബാർഡിന്റെ അംഗീകാരമുണ്ട്.

(5) <u>സുൽത്താൻബത്തേരി -ബൈറകൂപ്പ പാലത്തിന്റെ നിർമ്മാണം</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : സുൽത്താൻബത്തേരി-ബൈറകുപ്പ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): ബൈറകുപ്പ പാലം നിർമ്മാണത്തിനായി പന്ത്രണ്ട് കോടി രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നെങ്കിലും കർണ്ണാടക സർക്കാരിൽനിന്നും വനഭൂമിയുമായി ബന്ധപ്പെട്ട ക്ലിയറൻസ് ലഭിക്കാത്തതുകൊണ്ട് അനുമതി ലഭിച്ചില്ല. അനുമതി ലഭിക്കുന്നതിനായി കർണ്ണാടകയിലെ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ഒരു ജോയിന്റ് മീറ്റിംഗ് വിളിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

(6) <u>റെന്റ് എ കാർ ബിസിനസ് നിയന്ത്രണം</u>

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സ്വകാര്യ വാഹനങ്ങൾ അനുമതി ഇല്ലാതെ നടത്തുന്ന റെന്റ് എ കാർ ബിസിനസ് നിയന്ത്രിക്കുന്നതിനായി

മോട്ടോർ വാഹന ആക്ടിൽ പ്രത്യേക വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനാവശ്യമായ നിയമ നടപടികൾ സ്വീകരിക്കണം.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): പെർമിറ്റ് എടുത്ത് ടാക്സി സർവ്വീസ് നടത്തുന്നവരെ ഗവൺമെന്റിന്റെ അനുമതി ഇല്ലാതെ റെന്റ് എ കാർ ബിസിനസ് നടത്തുന്നത് പ്രതികൂലമായി ബാധിക്കുന്നുണ്ട്. 1988-ലെ കേന്ദ്ര വാഹന നിയമം 75(1) അനുസരിച്ചുള്ള വ്യക്തമായ മാനദണ്ഡ പ്രകാരമാണ് റെന്റ് എ ക്യാബ് സംവിധാനത്തിന് അഞ്ചു വർഷത്തെ കാലാവധിയുള്ള ലൈസൻസ് നൽകുന്നത്. നിലവിൽ കണ്ണൂരിലുള്ള ഓസ്കാർ ടൂർസ് ആന്റ് ട്രാവൽസ് എന്ന സ്ഥാപനത്തിന് മാത്രമേ റെന്റ് എ ക്യാബ് സംവിധാനത്തിന് അനുമതി നൽകിയിട്ടുള്ളൂ. ഇതു സംബന്ധിച്ച പരാതികൾ അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിന് എല്ലാ ആർ. ടി.ഒ.മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

### (7) ക്യാൻസർ രോഗികൾക്ക് യാത്രാ സൗജന്യം

ശ്രീ. റോഷി അഗസ്റ്റിൻ: ക്യാൻസർ രോഗികൾ ചികിത്സയ്ക്കായി ആശുപത്രിയിൽ പോകുന്നതിന് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രാ സൗജന്യം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ക്യാൻസർ രോഗികൾക്ക് സൗജന്യയാത്ര അനുവദിക്കുവാൻ നിലവിലുള്ള ചട്ടങ്ങളിൽ വ്യവസ്ഥയില്ല. മെഡിക്കൽ കോളേജുകൾ, റീജിയണൽ ക്യാൻസർ സെന്റർ തുടങ്ങിയ ചികിത്സാ കേന്ദ്രങ്ങളിലേക്ക് സ്ഥിരതാമസസ്ഥലത്തുനിന്നും ചികിത്സയ്ക്ക് പോകുന്ന ദിവസം ഈ രോഗികൾക്ക് യാത്രാ നിരക്കിൽ സൗജന്യം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (8) ആയൂർവ്വേദ ഹെൽത്ത് റിസോർട്ട്

ശ്രീ. എ. കെ. ശശീന്ദ്രൻ: ഏലത്തൂർ നിയോജകമണ്ഡലത്തിലെ തലക്കുളത്തൂർ പ്രദേശത്ത് പുറക്കാട്ടേരിയിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്സിന്റെ കീഴിലുള്ള ആയുർവ്വേദ കേന്ദ്രം നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കോഴിക്കോട് ജില്ലയിൽ തലക്കുളത്തൂർ പഞ്ചായത്തിലെ പുറക്കാട്ടേരിയിൽ ആയൂർവ്വേദിക് സെന്റർ നിർമ്മിക്കുന്നതിനായി ഭൂമി സർക്കാർ ഏറ്റെടുത്തെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുമൂലം പ്രസ്തുത പദ്ധതി നടത്താൻ കഴിയാതെ വന്നു. തുടർന്ന് കേന്ദ്ര ഗവൺമെന്റിന്റെ 2010-11 വർഷത്തെ 'ആയുഷ്'പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത പദ്ധതി റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചുവെങ്കിലും അംഗീകാരം ലഭിക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ പ്രയോജനം മറ്റേതെങ്കിലും തരത്തിൽ ലഭ്യമാക്കാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

## (9) രോഗ നിർണ്ണയത്തിന് മൊബൈൽ ഡിസ്പെൻസറി

ശ്രീ. സി.പി. മുഹമ്മദ്: പകർച്ചവ്യാധി ബാധിത പ്രദേശങ്ങളിൽ രോഗ നിർണ്ണയം നടത്തുന്നതിനായി എല്ലാ നിയോജകമണ്ഡലങ്ങളിലും ഓരോ മൊബൈൽ ഡിസ്പെൻസറികൾ ആരംഭിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): പകർച്ച വ്യാധികൾ ഉണ്ടാകുന്ന അവസരങ്ങളിൽ ഫീൽഡ് തലത്തിൽ മെഡിക്കൽ ക്യാമ്പുകളും മൊബൈൽ ക്ലിനിക്കുകളുടെ സേവനവും ക്യാൻസർ രോഗനിയന്ത്രണത്തിന്റെ ഭാഗമായി ആശുപത്രികളിൽ രോഗ നിർണ്ണയ

ക്ലിനിക്കുകളും നടത്തിവരുന്നുണ്ട്. ഈ വർഷം ഫീൽഡ്തല ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്താനുള്ള ഫണ്ട് എല്ലാ ജില്ലകളിലും ലഭ്യമാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലകളിലും ആദിവാസി ഊരുകളിലും ട്രൈബൽ മൊബൈൽ യൂണിറ്റുകൾ വഴി പ്രതിരോധ കുത്തിവയ്പ്പും ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. എൻ.ആർ.എച്ച്.എം.-ന്റെ കീഴിൽ പ്രത്യേക മെഡിക്കൽ യൂണിറ്റുകൾ പത്ത് ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു. ഫ്ളോട്ടിംഗ് ഡിസ്പെൻസറികൾ വ്യാപകമാക്കുന്നതിനെക്കുറിച്ചും പഠനം നടത്തിവരുന്നുണ്ട്.

**(10) എൻ. ആർ. എച്ച്.എം. ഫണ്ടിൽ നിന്നും തുക അനുവദിക്കൽ**

ശ്രീമതി കെ.കെ. ലതിക: പൊതുജനാരോഗ്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിനും ജനങ്ങളിൽ ശുചിത്വബോധം വളർത്തുന്നതിനുമായി കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി നിയോജക മണ്ഡലത്തിൽ നടപ്പാക്കി വരുന്ന 'പരിരക്ഷ' പദ്ധതിക്ക് സർക്കാർ വിഹിതം അനുവദിക്കുന്നതിനും ബയോഗ്യാസ് പ്ലാന്റിനുള്ള സബ്സിഡി നൂറ് ശതമാനമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അംഗീകരിച്ച പദ്ധതി നടത്തിപ്പിന്റെ മാർഗ്ഗരേഖപ്രകാരമാണ് എൻ.ആർ.എച്ച്.എം. ഫണ്ട് വിനിയോഗിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം കുറ്റ്യാടി നിയോജകമണ്ഡലത്തിലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ആരോഗ്യ പദ്ധതി മേൽനോട്ടം, ആരോഗ്യ സ്ഥാപനങ്ങളുടെ പരിഷ്ക്കാരങ്ങൾ, വാർഡ്തല ശുചിത്വ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് തുക അനുവദിച്ചിട്ടുണ്ട്. 'പരിരക്ഷ' പദ്ധതിക്ക് എൻ.ആർ.എച്ച്.എം. ഫണ്ടിൽ

നിന്നും തുക അനുവദിക്കുന്നതിന് അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

### (11) ഭക്തജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നത് സംബന്ധിച്ച്

ശ്രീ. സി. മമ്മൂട്ടി: തിരുനാവായ നാവാമുകുന്ദ ക്ഷേത്രത്തിൽ ഭക്തജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി ക്ഷേത്ര പരിസരത്തുള്ള പുറമ്പോക്ക് ഭൂമിയിൽ പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): നിളാ നദിയുടെ തീരത്ത് സ്ഥിതിചെയ്യുന്ന തിരുനാവായ നാവാമുകുന്ദ ക്ഷേത്രത്തിൽ ഭക്തജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതുസംബന്ധിച്ച് ഒരു പ്രോജക്ട് ഉണ്ടാക്കാൻ ജില്ലാ കളക്ടറോട് നിർദ്ദേശിക്കുന്നതാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### (12) കവല സൗന്ദര്യവൽക്കരണം പദ്ധതി

ശ്രീ. സാജു പോൾ: ഡി.ടി.പി.സി. ക്ക് വരുമാനം ലഭിക്കുന്ന വിധത്തിൽ പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ പാലക്കാട്ടുതാഴംപാലം കവല സൗന്ദര്യവൽക്കരണം പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ) : ആലുവ-മൂന്നാർ റോഡിലെ പെരുമ്പാവൂർ-പാലക്കാട്ടുതാഴംപാലം കവല സൗന്ദര്യവത്ക്കരിക്കുന്നതിനും പേ ആന്റ് യൂസ് ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നതിനുമായി സാദ്ധ്യതാ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് എറണാകുളം ഡി.ടി.പി.സി.-യോട് ആവശ്യപ്പെ

ട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിക്കഴിഞ്ഞാൽ ഉടൻതന്നെ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(1) കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട്.

(2) സബ്ജക്ട് കമ്മിറ്റി II -ന്റെ 2011 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

(3) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**വ്യക്തിപരമായ വിശദീകരണം**

**അനധികൃതമായി കത്ത് നൽകിയത് സംബന്ധിച്ച്**

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : 13-10-2011-ൽ തൊഴിൽ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയുടെ മറുപടിയിൽ എന്റെയൊരു കത്തിന്റെ ഉള്ളടക്കം തൊഴിൽ വകുപ്പുമന്ത്രി സഭയിൽ ഉന്നയിക്കുകയുണ്ടായി. സെറിബ്രൽ പാൾസി എന്ന അസുഖം ബാധിച്ച സുരേഷ് കുമാർ എന്നയാളിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തൊഴിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനത്തിൽ ആവശ്യമായ നടപടി

കൈക്കൊള്ളണമെന്ന് നിർദ്ദേശിച്ച് ഞാൻ അയച്ച കത്ത് സാധാരണ നടപടി ക്രമം മാത്രമാണ്. എന്നാൽ തൊഴിൽ വകുപ്പുമന്ത്രി പ്ലാനിംഗ് ബോർഡിൽ ഒഴിവുള്ള തസ്തികയിലേക്ക് ഇന്ന വ്യക്തിയെ നിയമിക്കണമെന്ന് ശുപാർശ ചെയ്തുകൊണ്ട് പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാന് നൽകിയ ഔദ്യോഗികക്കുറിപ്പ് തികച്ചും നിയമവിരുദ്ധവും സ്വജനപക്ഷപാതവും ചട്ട ലംഘനവുമാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ അപമാനിക്കാനായി ഒന്നും പറഞ്ഞിട്ടില്ല. പൊതുപ്രവർത്തകർ കത്ത് കൊടുക്കുന്നതിൽ തെറ്റില്ലെന്ന സുപ്രീം കോടതി വിധി പ്രകാരമാണ് ഞാൻ പറഞ്ഞത്.

## പ്രസ്താവന

## അഡീഷണൽ ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കോഴിക്കോട് നടന്ന സംഭവത്തെക്കുറിച്ച് ഡി.ജി.പി. ഗവൺമെന്റിന് നൽകിയ ആദ്യ റിപ്പോർട്ട് പോലീസ് നടപടിയെ ന്യായീകരിച്ചുകൊണ്ടുള്ളതായിരുന്നതിനാൽ പോലീസ് വകുപ്പിനുപുറത്തുനിന്നുള്ള ഒരു സീനിയർ ഉദ്യോഗസ്ഥൻകൂടി സംഭവത്തെക്കുറിച്ച് പരിശോധിക്കണമെന്നതിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിക്കുന്ന അഡീഷണൽ ചീഫ് സെക്രട്ടറിയെ അതിനായി ചുമതലപ്പെടുത്തുകയും അദ്ദേഹം വെടിവയ്പ് ഒഴിവാക്കാമായിരുന്നു എന്ന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. കോഴിക്കോട് ഗുരുതരമായ പ്രശ്നങ്ങൾ നടക്കുന്നുവെന്നും പോലീസുകാർക്കും സമരക്കാർക്കും പരിക്ക് പറ്റിയെന്നുമറിഞ്ഞ് അവിടെ വൈകിയെത്തിയ എ.സി.പി. സ്ഥിതിഗതികൾ വിലയിരുത്തിയതിൽ വന്ന പിഴവിന്റെ പേരിലാണ് ഈ

സംഭവമുണ്ടായതെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. സഭയിൽ പ്രതിപക്ഷം പ്രകടിപ്പിച്ച വികാരം കണക്കിലെടുത്ത് എ.സി.പി.-യെ ക്രമസമാധാന ചുമതല യിൽനിന്ന് മാറ്റുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടെന്ന് സഭയെ അറിയി ക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ആഭ്യന്തര വകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്റ്റ് അനുസരിച്ചുള്ള അന്വേഷണമല്ല നടത്തിയിട്ടുള്ളത് എന്നതിനാൽ അന്വേഷണ റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കണമെന്ന വാദഗതി ശരിയാണെന്ന് കരുതുന്നില്ല. പ്രതിപക്ഷത്തിന്റെകൂടി വികാരവും അഭിപ്രായവും ഉൾക്കൊ ണ്ടുകൊണ്ട് അസിസ്റ്റന്റ് കമ്മീഷണർ ശ്രീ. കെ. രാധാകൃഷ്ണപിള്ളയെ ക്രമസമാധാന ചുമതലയിൽനിന്ന് മാറ്റാൻ തീരുമാനിച്ചത് ഈ പ്രശ്നം അവസാനിപ്പിക്കണമെന്നുള്ളതുകൊണ്ടാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : കോഴിക്കോട് വെടിവെയ്പ് കേസുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് കമ്മീഷണർ രാധാകൃഷ്ണപിള്ളയെ സസ്പെന്റ് ചെയ്യുകയും ജുഡീഷ്യൽ എൻക്വയറി നടത്തുകയും ചെയ്യണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം അംഗീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കാസർഗോഡ് എസ്.പി. സർവ്വീസ് റിവോൾവർ ഉപയോഗിച്ച് നടത്തിയ വെടിവെയ്പിൽ ഒരു ചെറുപ്പക്കാരൻ മരണമടയുകയുണ്ടായി. അതുമായി ബന്ധപ്പെട്ട് ജുഡീഷ്യൽ അന്വേഷണം നടക്കുമ്പോൾ ജില്ലാ എസ്.പി.യെ

പ്രസ്തുത സ്ഥാനത്തുനിന്നും മാറ്റുകയുണ്ടായില്ല. പ്രതിപക്ഷത്തിന്റെ വികാരം മാനിച്ചുകൊണ്ടാണ് അസിസ്റ്റന്റ് കമ്മീഷണർ രാധാകൃഷ്ണപിള്ളയെ സ്ഥലം മാറ്റിയിട്ടുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : കാസർഗോഡ് വെടിവെയ്പ് കേസുമായി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥനെ ഉടൻതന്നെ സ്ഥലം മാറ്റുകയും ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിടുകയുമാണ് അന്നത്തെ ഗവൺമെന്റ് ചെയ്തത്. ആ കേസുമായി കോഴിക്കോട് വെടിവെയ്പ് കേസിനെ താരതമ്യപ്പെടുത്തുന്നത് ശരിയല്ല. രാധാകൃഷ്ണപിള്ളയെ സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണം. ഐസ്ക്രീം കേസുമായി ബന്ധപ്പെട്ട് രണ്ട് പെൺകുട്ടികൾ ജീവനൊടുക്കിയ സംഭവത്തെക്കുറിച്ച് അവർ പഠിച്ചിരുന്ന കോളേജിൽ യാതൊരു അന്വേഷ ണവും നടത്താതെ രാധാകൃഷ്ണപിള്ള പുനരന്വേഷണം ആവശ്യമില്ലെന്ന റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചത് ശരിയായ നടപടിയല്ല. മുൻവിധിയോ ടുകൂടിയ സമീപനമാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ള തെന്ന് പ്രഥമ വീക്ഷണത്തിൽത്തന്നെ മനസ്സിലാക്കാൻ സാധിക്കും. രാധാകൃഷ്ണപിള്ളയെ സസ്പെന്റ് ചെയ്യണമെന്നും ജുഡീഷ്യൽ എൻക്വയറി നടത്തണമെന്നുമുള്ള ആവശ്യം അംഗീകരിക്കാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോവുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

<u>ധനകാര്യം</u>

## 2011-12 സാമ്പത്തിക വർഷത്തേക്കുളള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുളള ചർച്ചയും വോട്ടെടുപ്പും

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ഡോ. എം. കെ. മുനീർ</u>) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത് (90,56,25,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും (523,33,67,000 രൂപ)

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIX-വൈദ്യുത പദ്ധതികൾ (15,34,22,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. മോഹനൻ</u>) :പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>) : പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ സഭയിൽ വീണ്ടും ഹാജരായി.)

സർവ്വശ്രീ കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), തോമസ് ചാണ്ടി, കെ. വി. അബ്ദുൾ ഖാദർ, ബാബു എം. പാലിശ്ശേരി, വി. ചെന്താമരാക്ഷൻ, ബി. ഡി. ദേവസ്സി, എം. ഹംസ, ജെയിംസ് മാത്യു, കെ. കുഞ്ഞിരാമൻ (ഉദുമ), കെ. കെ. നാരായണൻ, പുരുഷൻ കടലുണ്ടി, കെ. രാധാകൃഷ്ണൻ, പി.റ്റി.എ. റഹീം, ആർ. രാജേഷ്, പ്രൊഫ. സി. രവീന്ദ്രനാഥ്, സി. കെ. സദാശിവൻ, സാജു പോൾ, വി. ശിവൻകുട്ടി, കെ. വി. വിജയദാസ്, കെ. കെ. ജയചന്ദ്രൻ, കെ. ദാസൻ, എ. കെ. ബാലൻ, ജി. എസ്. ജയലാൽ, സി. ദിവാകരൻ, ഇ. ചന്ദ്രശേഖരൻ, മുല്ലക്കര രത്നാകരൻ, സി. കൃഷ്ണൻ, ഡോ. ടി. എം. തോമസ് ഐസക്, ശ്രീമതിമാർ കെ. കെ. ലതിക, കെ. എസ്. സലീഖ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ഡോ. ടി. എം. തോമസ് ഐസക് : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഒമ്പതാം പഞ്ചവൽസര പദ്ധതിക്കാലത്ത് ജനകീയാസൂത്രണം കേരളത്തെ അധികാര വികേന്ദ്രീകരണത്തിൽ മുൻപന്തിയിലേക്ക് കൊണ്ടുവരികയും ഇപ്പോൾ ഒന്നാം സ്ഥാനത്ത് നിൽക്കുകയുമാണ്. കേരളത്തിലെ രാഷ്ട്രീയ പാർട്ടികളുടെ മാത്രം നേട്ടമായി ഇതിനെ കാണാൻ കഴിയില്ല. തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പിനെ മൂന്നായി വിഭജിച്ച് മുൻകാല ങ്ങളിലേതിൽനിന്നും വ്യത്യസ്തമായ നിലപാടുകളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബ്ലോക്ക് വഴി സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കണമെന്ന ഗ്രാമ വികസന വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാ നത്തിൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് പരിശോധിക്കണം. കുടുംബശ്രീയോട് ഗ്രാമവികസന വകുപ്പ് സ്വീകരിക്കുന്ന സമീപനം പ്രതിഷേധാർഹമാണ്. കഴിഞ്ഞ നാല് വർഷമായി ഐ.ആർ.ഡി.പി.- കുടുംബശ്രീ മേളകളാണ് നടന്നിരുന്നതെങ്കിൽ ഈ വർഷം ഐ.ആർ.ഡി.പി.

മേള മാത്രമാണ് നടന്നത്. മേളയിൽ പങ്കെടുക്കുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് നടത്തിപ്പ് ചെലവിനുവേണ്ടി 15 ശതമാനം മുതൽ 20 ശതമാനം വരെ തുക നൽകേണ്ട അവസ്ഥയാണിന്നുള്ളത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കേരളത്തിന്റെ രീതികൾ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിന് നേതൃത്വം നൽകുകയും ഗുണഭോക്താക്കൾ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയും ചെയ്തിരുന്നു. നടത്തിപ്പിന്റെ ചുമതല കുടുംബശ്രീ ഏറ്റെടുത്തതുകൊണ്ടാണ് ഈ രംഗത്ത് അഴിമതിയില്ലാതായതെന്ന് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കുടുംബശ്രീ സംവിധാനത്തെ അടിസ്ഥാനമാക്കിയാണ് കേന്ദ്ര ഗവൺമെന്റ് നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ കൊണ്ടുവന്നിട്ടുള്ളത്. ഭവനശ്രീയുടെ ഈ വർഷത്തെ ഗഡു തിരിച്ചടയ്ക്കാൻ തുക നീക്കിവയ്ക്കാത്തതുകൊണ്ട് ഭവനശ്രീ വായ്പയെടുത്തവരുടെ പണയാധാരങ്ങൾ തിരിച്ചുനൽകാൻ കഴിയാത്ത അവസ്ഥയ്ക്ക് പരിഹാരം കാണണം. കഴിഞ്ഞ വർഷം 4 ശതമാനം പലിശയ്ക്ക് വായ്പയെടുത്ത കുടുംബശ്രീ യൂണിറ്റുകൾ ഇപ്പോൾ 12-13 ശതമാനം പലിശയ്ക്ക് വായ്പയെടുക്കേണ്ട സ്ഥിതിവിശേഷത്തിലാണ്. ഇതുവരെ കൃത്യമായി നടന്നിരുന്ന കുടുംബശ്രീയുടെ വാർഷികവും തെരഞ്ഞെടുപ്പും ഈ വർഷം നടത്താത്തതും തെരഞ്ഞെടുപ്പിനുപകരം നോമിനേഷനാക്കാനുള്ള നീക്കവും അപലപനീയമാണ്. ഓരോ സി.ഡി.എസ്.ന്റേയും ബൈലാ ഭേദഗതി ചെയ്യാതെ നോമിനേറ്റ് ചെയ്യാൻ കഴിയില്ല. പുതിയ പഞ്ചവത്സര പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് പദ്ധതിരേഖ തയ്യാറാക്കുന്നതിന് പ്രതിപക്ഷവുമായി സഹകരിച്ച് ചർച്ച ചെയ്യാൻ തയ്യാറാകണം. പഞ്ചായത്തുകളിൽ ഇപ്പോൾ നടന്നുവരുന്ന മാതൃകാ പ്രോജക്ടു

കൾക്ക് ഡി.പി.സി. അംഗീകാരം സ്പെഷ്യലായി നൽകാനുള്ള അനുവാദം നൽകണം.

ശ്രീ. ടി.എൻ. പ്രതാപൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കുടുംബശ്രീയിൽ സി.ഡി.എസ്.കളെ നാമനിർദ്ദേശം ചെയ്യുന്നത് തെരഞ്ഞെടുപ്പുസംവിധാനത്തിലൂടെ നിലവിലുള്ള കീഴ്വഴക്കമനുസരിച്ച് തന്നെയാണ്. കുടുംബശ്രീ പ്രവർത്തനങ്ങൾ സമയബന്ധിതവും കാര്യക്ഷമവുമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീയുടെ മെമ്പർ സെക്രട്ടറിമാരായി സോഷ്യൽ വെൽഫെയർ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം നേടിയ ആളുകളെ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഓണറേറിയം കൊടുത്ത് നിയമിക്കാനും ഇതിനെ രാഷ്ട്രീയ വിമുക്തമാക്കാനും നടപടിയുണ്ടാകണം. കുടുംബശ്രീ പ്രവർത്തകരെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രചാരകരായി ഉപയോഗിക്കുന്നത് ഒഴിവാക്കണം. ദാരിദ്ര്യ നിർമ്മാർജ്ജന മിഷന്റെ ഭാഗമായി കുടുംബശ്രീക്ക് കൂടുതൽ സൗകര്യങ്ങൾ നൽകണം. അടിയന്തിരമായി ഒരു കമ്മീഷനെ നിയമിച്ച് പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേണും സേവന -വേതന വ്യവസ്ഥകളും പുനർഘടന നടത്താനും റിട്ടയർ ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് അതാത് പഞ്ചായത്തുകൾ നൽകിവരുന്ന ആനുകൂല്യങ്ങൾ പഞ്ചായത്ത് വകുപ്പിന്റെ കീഴിലേക്ക് കൊണ്ടുവരാനും ആവശ്യമായ നടപടി സ്വീകരിക്കണം. വൃദ്ധ-ശിശു-വികലാംഗ ക്ഷേമപ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക മൊത്തം ഫണ്ടിന്റെ എത്ര ശതമാനമെന്ന് വ്യക്തമാക്കണം. പഞ്ചായത്ത് മെമ്പർമാർക്ക് വർദ്ധിപ്പിച്ച ഓണറേറിയം ലഭ്യമാക്കാനും കോൺട്രിബ്യൂട്ടറി പെൻഷൻ അനുവദിക്കാനും നടപടി സ്വീകരിക്കണം. അഞ്ചുവർഷത്തേക്ക് തയ്യാറാക്കുന്ന പ്ലാൻ പദ്ധതി അടിസ്ഥാനപ്പെടുത്തി ഓരോ വർഷത്തെയും പദ്ധതികൾ ആസൂത്രണം ചെയ്യണം. പത്തുസെന്റിൽ

കുറയാത്ത ഭൂവിസ്തൃതിയുള്ള അംഗൻവാടികളെ മോഡൽ അംഗൻവാടികളാക്കുകയും അതിന്റെ കീഴിൽ അമ്മമാർക്കുവേണ്ടി 'പകൽവീടു'കൾ നിർമ്മിക്കുകയും ചെയ്യണം. 'കുട്ടികളുടെ ഗ്രാമം' പദ്ധതി യാഥാർത്ഥ്യമാക്കണം. മാള ബ്ലോക്കിലുള്ള എം.കെ. മാത്യു ചാരിറ്റബിൾ ട്രസ്റ്റ് സാമൂഹ്യക്ഷേമ വകുപ്പ് ഏറ്റെടുക്കുന്നതോടൊപ്പം ദുരിതമനുഭവിക്കുന്ന പാവപ്പെട്ട കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനമായി പ്രഖ്യാപിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം. ഖരമാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകണം. പൊതുശ്മശാനമില്ലാത്ത പഞ്ചായത്തുകളിൽ അത് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പ്രകൃതിയുടെ വരദാനമായ അതിരപ്പിള്ളിയും പാത്രക്കടവും സംരക്ഷിച്ചുകൊണ്ട് മറ്റ് മാർഗ്ഗങ്ങളിലൂടെ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. എ. എ. അസീസ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അധികാര വികേന്ദ്രീകരണം സംസ്ഥാനത്ത് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിനെ മൂന്നായി വിഭജിച്ചത് അപഹാസ്യമാണ്. പഞ്ചായത്തുകളുടെ പ്രവർത്തനം കാലഘട്ടത്തിനനുസരിച്ച് ശക്തിപ്പെടുത്തുകയും ഗ്രാമീണജനതയുടെ ജീവിതനിലവാരത്തിൽ മാറ്റമുണ്ടാക്കാൻ ശ്രമിക്കുകയും വേണം. കുടുംബശ്രീ മിഷൻ വഴി മാലിന്യവിമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകണം. പഞ്ചായത്തുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് മുൻ ഗവൺമെന്റ് രൂപംനൽകിയ ഏഴിന പരിപാടി പ്രാവർത്തികമാക്കണം. എല്ലാ പഞ്ചായത്തുകളിലും സ്ലാട്ടർ ഹൗസുകളും കളിസ്ഥലങ്ങളും നിർമ്മിക്കണം. തെരുവുനായ്ക്കളെ നശിപ്പിക്കാനാവശ്യമായ പദ്ധതികൾ സാമൂഹ്യക്ഷേമ

വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കണം. കോളനികളുടെ നവീകരണത്തിന് പാക്കേജ് തയ്യാറാക്കണം. യു.ഡി.എഫ്. ഗവൺമെന്റ് ആഗസ്റ്റ് മാസം മുതൽ അംഗൻവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും അനുവദിച്ച ശമ്പള വർദ്ധനയ്ക്ക് ഏപ്രിൽ 1 മുതൽ പ്രാബല്യം നൽകണം. ഇലക്ട്രിസിറ്റി വകുപ്പിൽ വൈദ്യുതി പോസ്റ്റിന്റെ ക്ഷാമം പരിഹരിക്കാൻ സംവിധാനമേർപ്പെടുത്തണം.

ശ്രീ. എം. ഉമ്മർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് ഒന്നിലധികം മന്ത്രിമാർ കൈകാര്യം ചെയ്യുന്നതിൽ യാതൊരു തെറ്റുമില്ല. പഞ്ചായത്ത് സെക്രട്ടറിമാർ സ്ഥലം മാറിപ്പോകുമ്പോൾ താഴ്ന്ന തസ്തികയിലേക്ക് തരംതാഴ്ത്തപ്പെടുന്ന സ്ഥിതിക്ക് പരിഹാരം കാണാൻ കഴിഞ്ഞത് സ്വാഗതാർഹമാണ്. പഞ്ചായത്ത് മെമ്പർമാരുടേയും പ്രസിഡന്റുമാരുടേയും ഓണറേറിയം വർദ്ധിപ്പിക്കാനുള്ള തീരുമാനവും പഞ്ചായത്ത് പ്രസിഡന്റിന് സെൽ ഫോണിൽ ഫ്രീയായി സംസാരിക്കാനുള്ള സൗകര്യമൊരുക്കിയതും ശ്രദ്ധേയമാണ്. ഹെൽപ്പർമാർക്കും വർക്കർമാർക്കും പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവസരമുണ്ടാക്കിയതും തെരഞ്ഞെടുപ്പിൽ ജയിച്ചവർക്ക് കാലാവധി കഴിയുമ്പോൾ പുനർനിയമനം നൽകാനും പരാജയപ്പെട്ടവർക്കും പുനർ നിയമനം നൽകാനും തീരുമാനമെടുത്തത് അഭിനന്ദനാർഹമാണ്. .പഞ്ചായത്തുകൾക്കോ, പഞ്ചായത്ത് പ്രസിഡന്റുമാർക്കോ, സെക്രട്ടറിക്കോ, അംഗങ്ങൾക്കോ ഗുണകരമായ ഒരു കാര്യവും എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ചെയ്തിട്ടില്ല. സ്വതന്ത്രമായി പ്രവർത്തിക്കാനും ഫണ്ടുകൾ വിനിയോഗിക്കാനുമുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകണം. അടിയന്തര

സാഹചര്യങ്ങളിൽ കുറഞ്ഞത് 10,000 രൂപയെങ്കിലും ധനസഹായം അനുവദിക്കാനുള്ള അധികാരം പഞ്ചായത്ത് പ്രസിഡന്റുമാർക്ക് നൽകണം. പഞ്ചായത്തുകളുടെ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്ന ഐ.കെ.എം.-ന്റെ പ്രവർത്തനങ്ങൾക്ക് പരിഹാരം കാണണം. പദ്ധതി നിർവ്വഹണത്തിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. പഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതോടൊപ്പം കഴിഞ്ഞകാല പ്രവർത്തനങ്ങളും പരിശോധിക്കപ്പെടണം. പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന പണം പദ്ധതി കൾ തയ്യാറാക്കി യഥാസമയം ചെലവഴിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളണം.

ശ്രീമതി ഇ. എസ്. ബിജിമോൾ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റ് വൈദ്യുതി സർച്ചാർജ് ഏർപ്പെടുത്തിയും ബസ് ചാർജ്ജ് വർദ്ധിപ്പിച്ചും ജനജീവിതം ദു:സഹമാക്കിയിരിക്കുകയാണ്. സാമൂഹ്യ സുരക്ഷയുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുന്നില്ല. സംസ്ഥാനത്തെ മാനസികരോഗികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുൻഗണന നൽകണം. ഇടുക്കി ജില്ലയിൽ മെന്റൽ ഹെൽത്ത് പ്രോജക്ടുകൾ സജീവമാക്കുന്നതോടൊപ്പം 14 ജില്ലകളി ലെയും മെന്റൽ ഹെൽത്ത് പ്രോജക്ടുകൾ ഇവാലേറ്റ് ചെയ്യുകയും വേണം. മാലിന്യത്തിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഭാരിച്ച ഉത്തരവാദിത്വം പഞ്ചായത്തുകളെ എൽപ്പിക്കുന്നത് ഉചിതമല്ല. ശ്രീചിത്രാഹോമിലെ സൗക ര്യങ്ങൾ മെച്ചപ്പെടുത്തണം. വൃദ്ധർ, വികലാംഗർ, വിധവകൾ തുടങ്ങിയവ രുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. വയോജനങ്ങ

ളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമസഭാ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കണം. 1987 മുതൽ സമർപ്പിച്ചിട്ടുള്ള വൈദ്യുത പദ്ധതികളുടെ അനുമതി ലഭ്യമാകുന്നതിന് കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തണം. ചെറുകിട വൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതോടൊപ്പം പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന്റെ സാദ്ധ്യതകളും പഠനവിധേയമാക്കണം. സ്വകാര്യമുതലാളിമാരിൽനിന്നും ബോർഡിന് കിട്ടാനുള്ള പണം പിരിച്ചെടുക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അണക്കെട്ടുകളുടെയും വൈദ്യുതി നിലയങ്ങളുടെയും സുരക്ഷ ഉറപ്പാക്കാൻ ഡാം സേഫ്റ്റി ഓർഗനൈസേഷൻ നിഷ്കർഷിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കണം. അപകടമേഖലയിൽ പണിയെടുക്കുന്ന വൈദ്യുതി വകുപ്പുദ്യോഗസ്ഥരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ മുഴുവൻ പവർഹൗസുകളുടെയും അണക്കെട്ടുകളുടെയും സുരക്ഷയ്ക്ക് സെൻട്രൽ വാട്ടർ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരമുള്ള സുരക്ഷാ ഉപകരണങ്ങളുണ്ടെന്ന് ഉറപ്പുവരുത്തണം. കാലപ്പഴക്കംചെന്ന പദ്ധതികൾ നവീകരിക്കണം. സംസ്ഥാനത്തെ വൈദ്യുതിയുടെ 70 ശതമാനവും ഉൽപാദിപ്പിക്കുന്ന ഇടുക്കി പദ്ധതിയുടെ കാര്യത്തിൽ കരുതലോടെയുള്ള സമീപനം സ്വീകരിക്കണം. ജലവൈദ്യുതപദ്ധതികളിലെ യന്ത്രോപകരണങ്ങളുടെ ആയുസ്സ് തിട്ടപ്പെടുത്തുകയും ജനറേറ്ററുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട സാധ്യതാ പഠനം നടത്തുകയും ചെയ്യണം. പൊട്ടിത്തെറിയെത്തുടർന്ന് കഴിഞ്ഞ 15 വർഷമായി പന്നിയാറിൽ വൈദ്യുതോൽപാദനം

മുടങ്ങിയതിനാൽ കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് കെ.എസ്.ഇ. ബി.ക്കുണ്ടായത്. ജലസംഭരണികളിൽ അടിഞ്ഞുകൂടിക്കിടക്കുന്ന ചെളി നീക്കം ചെയ്യുന്നതിനെ സംബന്ധിച്ച് ശാസ്ത്രീയപഠനം നടത്തണം. പൊന്മുടി ഡാമിൽ മണൽവാരൽ നിരോധിക്കുകയോ നിയമവിധേയമാക്കുകയോ വേണം. ലോവർ പെരിയാർ ഡാമിൽ നിന്ന് മണൽ നീക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പദ്ധതി പ്രദേശത്ത് താമസിക്കുന്നവരുടെ പട്ടയവുമായി ബന്ധപ്പെട്ട് എടുത്ത തീരുമാനങ്ങൾ അഭിനന്ദനീയമാണ്. ഇടുക്കി നിയോജകമണ്ഡലത്തെ സമ്പൂർണ്ണവൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തണം. ടൂറിസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇടുക്കി ഡാമിൽ ലൈറ്റ് ആന്റ് സൗണ്ട് സിസ്റ്റത്തോടുകൂടിയ പദ്ധതിക്ക് രൂപം കൊടുക്കണം. തൊടുപുഴയിലെ വൃദ്ധ-വികലാംഗ സദനത്തിൽ ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കണം. ഇടുക്കിയിൽ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ ജില്ലാ ആഫീസ് പുന:സ്ഥാപിക്കണം. ഇടുക്കി ജില്ലയിൽ 'ക്ഷീരസാഗരം' പദ്ധതിക്ക് അംഗീകാരം നൽകിയത് സ്വാഗതാർഹമാണ്.

<u>ശ്രീ. കെ. കെ. നാരായണൻ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എൽ. ഡി.എഫ്. ഭരണകാലത്തെ വികസനപ്രവർത്തനങ്ങളെല്ലാം ഇല്ലാതാക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. പുതിയ സർക്കാർ വന്ന് അഞ്ചുമാസം കഴിഞ്ഞിട്ടും തദ്ദേശഭരണ സ്ഥാപനങ്ങളുടെ കോ-ഓർഡിനേഷൻ കമ്മിറ്റികൾ യോഗം ചേരാത്തതിനാൽ അംഗീകാരം കിട്ടിയ പദ്ധതികളുടെ നിർവ്വഹണം നടത്താൻ കഴിയുന്നില്ല. ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താനും സാധിക്കുന്നില്ല. മൂന്നും നാലും പഞ്ചായത്തുകൾക്ക് ഒരു എ.ഇ. മാത്രമുള്ളതിനാൽ വികസനപ്രവർത്തനങ്ങൾക്ക് കാല

താമസം നേരിടുന്നു. വി.ഇ.ഒ.-മാരുടെ കുറവുമൂലം പഞ്ചായത്തുകളിൽ കേന്ദ്രാവിഷ്കൃത പദ്ധതികളും വേൾഡ് ബാങ്ക് ധനസഹായമുള്ള പദ്ധതികളും നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നു. ഗ്രാമപഞ്ചായത്തുകളുടെ റോഡ് മെയിന്റനൻസ് ഗ്രാന്റ് വർദ്ധിപ്പിക്കാൻ സംവിധാനമുണ്ടാക്കണം. ഇ.എം.എസ്. പാർപ്പിട പദ്ധതിയുടെ പ്രവർത്തനം തുടരാൻ നടപടിയുണ്ടാകണം. മലബാർ ഭാഗത്ത് നിലനിൽക്കുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കണം.

ശ്രീ. എ. റ്റി. ജോർജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ വൈദ്യുതി ഉപഭോഗം ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വിവിധ മാർഗ്ഗങ്ങളിലൂടെ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സർക്കാർ തുടക്കം കുറിക്കുകയും പരമാവധി ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുകയും വേണം. കാറ്റ്, മാലിന്യങ്ങൾ, സൂര്യപ്രകാശം എന്നിവയിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. വൈദ്യുതി വിതരണത്തിൽ ഉണ്ടാകുന്ന തടസ്സങ്ങളും പ്രസരണനഷ്ടവും ഒഴിവാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സ്കീമുകൾ പ്രയോജനപ്പെടുത്തണം. പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിനും പദ്ധതികൾ നിർവ്വഹിക്കപ്പെടുന്നതിനും സുതാര്യമായ സംവിധാനമുണ്ടാകണം. ഗ്രാമസഭകളുടെ എണ്ണം കുറയ്ക്കുകയും ക്വാറം അഞ്ചുശതമാനമായി നിജപ്പെടുത്തുകയും ചെയ്യണം. അധികാര വികേന്ദ്രീകരണം സംബന്ധിച്ച് പഠനം നടത്തിയ കമ്മിറ്റിയുടെ ശുപാർശകൾ നടപ്പാക്കണം. പദ്ധതികൾ ആസൂത്രണം ചെയ്യുന്ന സമയത്തുതന്നെ ഉത്തരവുകൾ ഇറക്കുവാൻ നടപടികൾ സ്വീകരിക്കുകയും പദ്ധതികൾ മാസത്തിലൊരിക്കലെങ്കിലും മോണിട്ടർ ചെയ്യുകയും വേണം. പുതുതായി ആരംഭിക്കുന്ന കേരള ലോക്കൽ

ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്വഴി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കാര്യക്ഷമത വർദ്ധിപ്പിക്കുവാനും സാമ്പത്തിക വികസനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനും ആസ്തികൾ തിട്ടപ്പെടുത്തുവാനും ഗുണനിലവാരമുള്ള സേവനം നൽകുവാനും സാധിക്കും. എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്ലാട്ടർ ഹൗസുകളും പൊതുശ്മശാനമില്ലാത്ത 471 പഞ്ചായത്തുകളിൽ പൊതുശ്മശാനങ്ങളും നിർമ്മിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കണം. ഖരമാലിന്യങ്ങൾ ഉറവിടങ്ങളിൽത്തന്നെ സംസ്ക്കരിക്കുവാനാവശ്യമായ പദ്ധതികൾ ആരംഭിച്ച് നടപ്പിലാക്കണം. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന കുടുംബശ്രീ അംഗങ്ങളെ പഞ്ചായത്തുകളിൽ സ്ഥിരം തൊഴിലാളികളാക്കി മാറ്റണം.

ശ്രീ. വി. ചെന്താമരാക്ഷൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാദേശിക ഗവൺമെന്റുകളാക്കി മാറ്റുമ്പോഴാണ് അധികാരവികേന്ദ്രീകരണം സാർത്ഥകമാകുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകണം. പഞ്ചായത്തുകളിൽ എസ്.സി./എസ്.ടി. ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിക്കാൻ നടപടി സ്വീകരിക്കണം. എ.പി.എൽ./ബി.പി.എൽ. വ്യത്യാസം ഗ്രാമവികസനത്തെ എങ്ങനെ ബാധിക്കുമെന്നുള്ളത് സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം. വിവിധ തിരിച്ചറിയൽ കാർഡുകൾ ഉള്ളപ്പോൾ ആധാർ കാർഡിന്റെ ആവശ്യമുണ്ടോയെന്ന് പരിശോധിക്കണം. എല്ലാ നിയോജകമണ്ഡലങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി യാഥാർത്ഥ്യമാക്കണം. 400 കെ.വി. സബ്സ്റ്റേഷനുവേണ്ടി

ഉദുമലപ്പേട്ടയിൽനിന്നും മാടക്കത്തറയിലേക്ക് വരുന്ന ലൈൻ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കണം.

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി ഈ സർക്കാർ മുന്നോട്ട് പോകുകയാണ്. മാലിന്യ സംസ്ക്കരണത്തിനും നിർമ്മാർജ്ജനത്തിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സഹായകരമായ നിലപാട് സ്വീകരിക്കുകയും ബയോ ഗ്യാസ് പ്ലാന്റുകളുടെ സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുകയും ചെയ്തത് പ്രശംസനീയമാണ്. മികവിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് നൽകാനുള്ള പദ്ധതി പഞ്ചായത്ത് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയും കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യും. പദ്ധതികളുടെ സുഗമമായ നിർവ്വഹണത്തിനും ഫണ്ടുകൾ ചെലവഴിക്കുന്നതിനുമുളള തടസ്സങ്ങൾ പരിഹരിക്കണം. മഹാത്മാ ഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ തൊഴിൽ സമയം പുന:ക്രമീകരിക്കുകയും കാർഷിക മേഖലയിൽ കൂടി ഇവരുടെ സേവനം ലഭ്യമാക്കുകയും ചെയ്യണം. ‘ആധാർ’ തിരിച്ചറിയൽ കാർഡ് രജിസ്റ്റർ ചെയ്യുമ്പോൾ വിലാസം തെളിയിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ സാക്ഷ്യപത്രം രേഖയായി സ്വീകരിക്കണം. വില്ലേജ് ആഫീസർമാർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ക്ഷേമ പെൻഷനുകൾ ലഭ്യമാക്കണം. കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് ജിയോളജി വിഭാഗം കരിങ്കല്ലിന് പിരിക്കുന്ന നികുതിയിൽനിന്നും ഒരു വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തണം. ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ

വികസിപ്പിക്കുന്നതിനും അദ്ധ്യാപകരുടെ വേതനം കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനും നടപടി സ്വീകരിക്കണം. പഞ്ചായത്തുകളുടെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിച്ച് കൂടുതൽ ജീവനക്കാരെ നിയമിക്കണം. പഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തിക ഏകീകരിച്ചതും ആശ്രയ പദ്ധതി വ്യാപിപ്പിച്ചതും അഭിനന്ദനാർഹമാണ്. അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പി ക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കുന്നതിന് ജോലി രാജിവച്ചവർക്ക് പുനർനിയമനം നൽകുന്നതിനും നടപടി സ്വീകരിച്ചത് ശ്ലാഘനീയമാണ്. എ.ഡി.എസ്./സി.ഡി.എസ്. തെരഞ്ഞെടുപ്പുകളിൽ ആശാ വർക്കേഴ്സ് മത്സരിക്കാൻ പാടില്ലെന്ന വ്യവസ്ഥയിൽ മാറ്റം വരുത്തണം. നൂറു ദിന പരിപാടിയിൽ ഉൾപ്പെടുത്തി മലപ്പുറം, കോഴിക്കോട് ജില്ലകളിലെ 31-03-2011 വരെയുള്ള മുഴുവൻ അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ നൽകാൻ നടപടി സ്വീകരിച്ചതിനെ സ്വാഗതം ചെയ്യുന്നു. മലപ്പുറം ജില്ല യിലെ ആടുംപാറയിലെ വൈദ്യുത പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കണം. വീട്ടു നമ്പർ ലഭിക്കാത്തവർക്കും വൈദ്യുതി കണക്ഷൻ നൽകിയതിനെ സ്വാഗതം ചെയ്യുന്നു. അപേക്ഷകരുടെ എണ്ണത്തിനാനുപാതികമായി വൈദ്യുതി കണക്ഷനുള്ള മെറ്റീരിയൽസ് നൽകണം. നിയോജകമണ്ഡലാടിസ്ഥാനത്തിൽ വൈദ്യുതി സംബന്ധമായ കാര്യങ്ങൾക്ക് എം.എൽ.എ.-മാർ ചെയർമാൻമാരായി രൂപീകരിച്ച സമിതിക്ക് കൂടുതൽ സാമ്പത്തിക അംഗീകാരം നൽകുന്നതുൾപ്പെടെയുള്ള അധികാരം നൽകണം.

ശ്രീ. പി.ടി.എ. റഹീം : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നിയമവിധേയ മായി പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്ക് കൊടുക്കുന്ന സാമ്പത്തിക

സഹായം വർദ്ധിപ്പിക്കണം. സ്വന്തമായി കെട്ടിടമില്ലാത്ത അനാഥാലയങ്ങൾക്ക് അംഗീകാരം കൊടുക്കാൻ പാടില്ലെന്ന നിബന്ധനയുണ്ടാകണം. പഞ്ചായത്തുകളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ സത്വര നടപടി സ്വീകരിക്കണം. വൈദ്യുതി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-മാർ ചെയർമാൻമാരായി രൂപീകരിച്ച സമിതിയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകണം.

ശ്രീ. പി.എ. മാധവൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പഞ്ചായത്ത് വകുപ്പിൽ ജനക്ഷേമകരമായ ഒട്ടേറെ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കണം. മുനിസിപ്പാലിറ്റികൾക്കും ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്കും പ്രത്യേകം വകുപ്പുമന്ത്രിമാരെ ഏർപ്പെടുത്തിയത് ഗവൺമെന്റ് ഈ വകുപ്പുകളെ ഗൗരവമായി കാണുന്നുവെന്നതിന് തെളിവാണ്. ആധുനികവും ശാസ്ത്രീയവുമായ രീതിയിൽ അറവുശാലകൾ സ്ഥാപിക്കാനും മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം. പഞ്ചായത്ത് തലത്തിൽ പൊതുശ്മശാനം അനിവാര്യമാണ്. പഞ്ചായത്ത് ഓഫീസുകൾ ജനസൗഹൃദ ആഫീസുകളാക്കി മാറ്റാനും പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്താനുമുള്ള നടപടി സ്വാഗതാർഹമാണ്. ത്രിതല പഞ്ചായത്ത് വാർഷിക പദ്ധതിയുടെ 10 ശതമാനം തുക വനിതാഘടക പദ്ധതിക്ക് അനുവദിക്കണം. കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ അപാകതകൾ പരിഹരിക്കണം. പഞ്ചായത്തുകളിൽ ശിശുക്കൾ, വൃദ്ധർ, വികലാംഗർ വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള 5 ശതമാനം തുക തുല്യമായി വിനിയോഗിക്കണം. കോസ്റ്റ്ഫോർഡ് ഹഡ്കോയിൽനിന്ന് 10.75 കോടി രൂപ വായ്പയെടുത്ത് തട്ടിപ്പ് നടത്തി

യതിനെക്കുറിച്ച് അന്വേഷണം നടത്തണം. തിരുവനന്തപുരം ജില്ലയിൽ ജോയിന്റ് കൗൺസിലിന് സൗജന്യമായി പതിച്ചു നൽകിയ 33 സെന്റ് ഭൂമി തിരിച്ചുപിടിക്കണം.

ശ്രീ. മുല്ലക്കര രത്നാകരൻ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഗ്രാമവികസനവും നഗരവികസനവും പഞ്ചായത്ത് വകുപ്പിൽനിന്ന് മാറ്റിയ നടപടി പരിഹാസ്യമാണ്. പ്രാപ്തരായ ഉദ്യോഗസ്ഥരുടെ അഭാവവും ഏകോപന സംവിധാനമില്ലായ്മയും വകുപ്പ് വിഭജനത്തെ ദോഷകരമായി ബാധിക്കും. ബി.പി.എൽ. കുടുംബത്തിൽ ജനിക്കുന്ന ഓരോ കുട്ടിയുടെ പേരിലും പതിനായിരം രൂപയുടെ സ്ഥിരനിക്ഷേപം നടത്തുമെന്ന പദ്ധതി പ്രവർത്തികമാക്കാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചില്ല. യു.ഡി.എഫ്. ഗവൺമെന്റ് ഓരോ ആദിവാസി കുട്ടിയുടെപേരിലും ഒരുലക്ഷം രൂപ നിക്ഷേപിക്കുമെന്ന വാഗ്ദാനം നടപ്പിലാക്കാൻ ആർജ്ജവം കാണിക്കണം. സാമൂഹ്യക്ഷേമത്തിലും സമൂഹത്തിന്റെ മൊത്തമായ വികസനത്തിലും ഗാന്ധിയൻ കാഴ്ചപ്പാടുകൾ ഉണ്ടാകണം. പഞ്ചായത്തും നഗരവികസനവും ചേർന്നുനിൽക്കുന്ന ഒരു പുതിയ സംസ്ക്കാരത്തിന് രൂപം നൽകണം. യു.ഡി.എഫ്. ഗവൺമെന്റ് വൈദ്യുതി മേഖലയിൽ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തി ജനജീവിതം ദു:സഹമാക്കി.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിപ്രകാരമുള്ള വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചാലും ഒരുലക്ഷത്തോളം ഭൂരഹിതരും രണ്ട് ലക്ഷത്തോളം ഭവനരഹിതരും കേരളത്തിലുണ്ടാകുമെന്നതാണ് യാഥാർത്ഥ്യം. തനത് വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ഓൺലൈൻ വഴി

ടാക്സ് പിരിച്ചെടുക്കാനുള്ള സംവിധാനമുണ്ടാക്കണം. മഞ്ചേശ്വരത്ത് ഈ രീതിയിലുള്ള ശ്രമമുണ്ടായത് അഭിമാനകരമായ നേട്ടമാണ്. 40 മൈക്രോണിനുതാഴെ കനമുള്ള പ്ലാസ്റ്റിക് നിരോധിക്കണം. വീടുകളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ദിവസേന വിദ്യാർത്ഥികൾ ശേഖരിച്ച് സ്ക്കൂളുകളിലെത്തിച്ച് നശിപ്പിക്കാൻ കഴിയുന്ന രീതിയിലുള്ള സംവിധാനമുണ്ടാകണം. വനിതാ വികസന കോർപ്പറേഷൻ കൂടുതൽ കാര്യക്ഷമമാക്കുകയും കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണം. ബാലസഭകളിലൂടെ കുട്ടികൾക്ക് നല്ല രീതിയിലുള്ള പരിശീലനം നൽകാൻ കഴിയണം. കോക്ലിയർ ഇംപ്ലാന്റേഷൻവഴി ഇരുന്നൂറോളം ബധിരരായ കുട്ടികൾക്ക് കേൾവിശക്തിയുണ്ടാക്കിയ നടപടി അഭിനന്ദനാർഹമാണ്. അർബുദ രോഗികൾക്കായി പെയിൻ ആന്റ് പാലിയേറ്റീവ് കെയർ രംഗത്ത് അത്ഭുതപൂർവ്വമായ മുന്നേറ്റം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടത്തിക്കൊണ്ടിരിക്കുന്നത് സ്വാഗതാർഹമാണ്. എല്ലാ നിയോജകമണ്ഡലങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുകയാണ്. താനൂർ നിയോജകമണ്ഡലത്തിലുള്ള വൈദ്യുതി പദ്ധതി ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് മൂന്ന് മാസംകൊണ്ട് പൂർത്തീകരിച്ചത് പ്രശംസനീയമാണ്. താനൂരിന് മാത്രമായി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കണം. അതിരപ്പിള്ളി പോലുള്ള പദ്ധതികൾ ഉപേക്ഷിക്കേണ്ടിവന്ന സാഹചര്യത്തിൽ പകരം വാഗ്ദാനം ചെയ്തിരുന്ന ഗ്രീൻ ബോണസ് പദ്ധതി നേടിയെടുക്കുന്നതിനുള്ള പരിശ്രമങ്ങളുണ്ടാകണം. വൈദ്യുതി രംഗത്ത് കുറഞ്ഞ കാലംകൊണ്ട് വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ആടുഗ്രാമം, ക്ഷീരസാഗര പദ്ധതികൾ നടപ്പി

ലാക്കിക്കൊണ്ട് കുടുംബശ്രീയെ ഓരോ ഗ്രാമത്തിന്റേയും ഭാഗ്യശ്രീയായി മാറ്റിയെടുക്കാനുള്ള പരിശ്രമങ്ങളാണ് നടക്കുന്നത്. വികലാംഗർക്ക് വിദ്യാഭ്യാസ മേഖലയിൽ മൂന്ന് ശതമാനം സംവരണമേർപ്പെടുത്താനെടുത്ത തീരുമാനത്തെ സ്വാഗതം ചെയ്യുന്നതോടൊപ്പം ഉദ്യോഗരംഗത്തുകൂടി മൂന്ന് ശതമാനം സംവരണം ഉറപ്പുവരുത്താനും അവരിലെ പ്രതിഭകളെ കണ്ടെത്താൻ ജില്ലാ ഫെസ്റ്റ് സംഘടിപ്പിക്കാനും ശ്രമമുണ്ടാകണം.

ശ്രീ. ജോസ് തെറ്റയിൽ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിനുള്ള വൈദ്യുതി ലഭ്യതയിൽ കുറവ് വരുത്തിയതിനുള്ള കാരണമെന്താണെന്ന് കണ്ടെത്താനും അത് പരിഹരിക്കാനും നടപടി സ്വീകരിക്കണം. പവർകട്ടിനെതിരെ കക്ഷിഭേദമെന്യേ പ്രതികരിക്കാൻ തയ്യാറാകണം. കഴിഞ്ഞ അഞ്ച് വർഷക്കാലം വൈദ്യുതി രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ കാത്തുസൂക്ഷിക്കേണ്ട ചുമതല ഈ ഗവൺമെന്റിനുണ്ട്. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സംബന്ധിച്ച് ഗവൺമെന്റിന്റെ അഭിപ്രായം വ്യക്തമാക്കണം. കാറ്റിൽനിന്നുള്ള വൈദ്യുതി, സൗരോർജ്ജം എന്നിവ ഫലപ്രദമായി വിനിയോഗിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. വൈദ്യുതിയുടെ ഉപഭോഗം കാര്യക്ഷമമാക്കുന്നതിന് ശാസ്ത്രീയമായ മാർഗ്ഗങ്ങൾ കണ്ടെത്തണം. വൈദ്യുതി ചാർജ്ജ് കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാതെ പാവപ്പെട്ട ജനങ്ങളുടെമേൽ സർചാർജ് ഏർപ്പെടുത്തുന്ന രീതി ഒഴിവാക്കണം. സുസ്ലോൺ കമ്പനിയുടെ കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കണം. പെരുമ്പാവൂരിൽ ഇലക്ട്രിക്കൽ ഡിവിഷൻ അനുവദിക്കുന്നതിനും ഇലക്ട്രിസിറ്റി ബോർഡിന്റെ വക 16 ഏക്കർ സ്ഥലത്ത് സജ്ജീകരണങ്ങൾ ആരംഭിച്ച ലാബ് പൂർത്തീകരിക്കുന്ന

തിനും നടപടിയുണ്ടാകണം. പഞ്ചായത്ത് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വയോജനങ്ങൾക്കും കുട്ടികൾക്കും സംരക്ഷണം നൽകാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. മുരളീധരൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വൈദ്യുതി ലഭ്യതയുടെ കാര്യത്തിൽ കേരളത്തിന് മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. ഏകദേശം 3000-മെഗാവാട്ട് വൈദ്യുതി ആവശ്യമുള്ള സ്ഥാനത്ത് 1800 മെഗാവാട്ട് വൈദ്യുതി മാത്രമാണ് ഉൽപ്പാദിപ്പിക്കുന്നത്. ശേഷിക്കുന്നത് കേന്ദ്രത്തിൽനിന്നും മറ്റ് പൂളുകളിൽനിന്നുമാണ് കരസ്ഥമാക്കുന്നത്. ഉൽപ്പാദനച്ചെലവ് കുറവായതിനാൽ ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കണം. 3500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള സാദ്ധ്യതയുണ്ടെങ്കിലും അതിന്റെ 40 ശതമാനം മാത്രമാണ് പ്രയോജനപ്പെടുത്തുന്നത്. പരിസ്ഥിതി സംരക്ഷകരെ അമിതമായി പ്രോത്സാഹിപ്പിച്ചാൽ ഒരു യൂണിറ്റ് വൈദ്യുതിപോലും കേരളത്തിൽ ഉണ്ടാകില്ലെന്നുള്ളതാണ് വസ്തുത. വേസ്റ്റ്, കൽക്കരി, കാറ്റ് ഇവയിൽ നിന്നൊക്കെ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തണം. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ അതിരപ്പിള്ളി പദ്ധതി ഉൾപ്പെടെയുള്ള ജലവൈദ്യുത പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിക്കണം. ജലവൈദ്യുത പദ്ധതികൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് വൈദ്യുതി രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ ശ്രമിക്കണം. ഷാപ്പുകൾക്ക് ലൈസൻസ് കൊടുക്കാനുള്ള അധികാരം പഞ്ചായത്തുകളെ ഏൽപ്പിക്കരുത്. കുടുംബശ്രീ യൂണിറ്റുകൾക്ക് കാറ്ററിംഗ് സർവ്വീസ് ഉൾപ്പെടെയുള്ള യൂണിറ്റുകൾ തുടങ്ങാൻ പ്രോത്സാഹനം നൽകണം. പഞ്ചായത്ത് മെമ്പർമാരുടെ ഓണറേറിയം വർദ്ധിപ്പിച്ച നടപടി

സ്വാഗതാർഹമാണ്. കൂറുമാറ്റ നിരോധന നിയമം നടപ്പിലാക്കിക്കൊണ്ട് പഞ്ചായത്തുകളുടെ ഭരണം സുഗമമാക്കാനും വികസന പ്രവർത്തനങ്ങൾ നട ത്താനുമുള്ള സൗകര്യമുണ്ടാക്കണം.

ശ്രീ. എ.കെ. ബാലൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇലക്ട്രിസിറ്റി ബോർഡ് പൊതുമേഖലയിൽ നിലനിറുത്തി ഒറ്റക്കമ്പനിയായി പ്രവർത്തിപ്പി ക്കാൻ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. ശക്തമായ നേതൃത്വം കൊടുത്തുകൊണ്ട് വൈദ്യുതി മേഖലയെ രക്ഷിക്കാനും ഫലപ്രദമായ മാനേജുമെന്റിലൂടെ ഈ മേഖലയിലെ പ്രതിസന്ധി തരണംചെയ്യാനും ശ്രമിക്കണം. പരിസ്ഥിതി പ്രശ്നത്തിന്റെ പേരിൽ പിന്മാറാതെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് വൈദ്യുതി രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ ശ്രമിക്കണം. വൈദ്യുതി മേഖലയിൽ ഇന്നുള്ള സമീപനം തുടർന്നാൽ കേരളം ഇരുട്ടിലാകും. ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് പാരമ്പര്യേതര ഊർജ്ജ മേഖലയും പ്രയോജനപ്പെടുത്ത ണം. ഇടുക്കിയിൽ കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന 540 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പദ്ധതി നഷ്ടപ്പെടാതെ സംരക്ഷിക്കണം. ഊർജ്ജ സംരക്ഷണത്തിന്റെ കാര്യത്തിൽ സർക്കാർ പ്രത്യേകം ശ്രദ്ധിക്കണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒന്നരക്കോടി സി.എഫ്.എൽ. 75 ലക്ഷം കുടുംബങ്ങൾക്ക് നൽകി. വൈദ്യുതി സംരക്ഷിച്ചതുകൊണ്ടാണ് സംസ്ഥാനം ഇന്ന് ഇരുട്ടിൽനിന്നും രക്ഷപ്പെട്ട് നിൽക്കുന്നത്. ഇന്നത്തെ സ്ഥിതി തുടരുകയാണെങ്കിൽ വേനൽക്കാലത്ത് വൈദ്യുതി പ്രതിസന്ധി അതിരൂക്ഷമാകും. അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ യൂണിറ്റ് വൈദ്യുതി ഹൈഡൽ പദ്ധതികളിൽനിന്നും എടുക്കാൻ പാടില്ല. 140 നിയോജക

മണ്ഡലങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണം നടത്താൻ സാധിക്കണം. സംസ്ഥാനത്തെ പീക് ലോഡ് ഡിമാന്റ് 2900 മുതൽ 3000 മെഗാവാട്ട് വൈദ്യുതിവരെയായി നിയന്ത്രിക്കാൻ സാധിക്കും. കേന്ദ്ര സർക്കാരിന്റെ വിതരണ മേഖലയിലെ നവീകരണവും കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ടുകൊണ്ട് 244 കോടി രൂപയുടെ പദ്ധതി സംസ്ഥാനത്തിന് അനുവദിക്കുകയും എല്ലാ നടപടിക്രമങ്ങൾക്കുംശേഷം ദക്ഷിണ കൊറിയൻ കമ്പനിക്ക് കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തപ്പോഴാണ് പദ്ധതി റീ-ടെണ്ടറിന് വച്ചത്. ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ 1,000 കോടി രൂപകൂടി കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് ഗ്രാന്റായി ലഭിക്കുമായിരുന്നു. ദക്ഷിണ കൊറിയൻ കമ്പനിയുമായി ബന്ധപ്പെട്ടുകൊണ്ട് ഹൈക്കോടതിയിലുള്ള കേസ്സിൽ തീരുമാനമുണ്ടാക്കുകയും അപാകതകൾ പരിഹരിക്കുകയും ചെയ്ത് പദ്ധതി നടപ്പിലാക്കണം. വൈദ്യുതി മേഖല സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതിന് കേന്ദ്ര സർക്കാരിനെ മാത്രം ആശ്രയിക്കാതെ സംസ്ഥാനത്തെ എല്ലാ സ്രോതസ്സുകളും ഉപയോഗപ്പെടുത്തുകയും അതിലെ തടസ്സങ്ങൾ നീക്കുകയും ചെയ്യണം.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): സംസ്ഥാനത്ത് കഴിഞ്ഞ വർഷത്തേക്കാൾ വൈദ്യുതിയുടെ ഉപഭോഗം ഏകദേശം 29% വർദ്ധിച്ചിട്ടുണ്ട്. പീക്ക് അവറിൽ 3000 മുതൽ 3300 മെഗാവാട്ട് വരെ വൈദ്യുതി ആവശ്യമുണ്ട്. 2900 മെഗാവാട്ട് ലഭ്യമായാൽപ്പോലും 400 മെഗാവാട്ട് കുറവുണ്ട്. പഴക്കംചെന്ന പദ്ധതികളായതിനാൽ സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിൽനിന്നും 1900 മെഗാവാട്ട് ജനറേറ്റ് ചെയ്യാൻ സാധിക്കുന്നില്ല. 2008-ലുണ്ടായ തകരാറും ഈ സർക്കാർ വന്നതിനുശേഷം

മൂലമറ്റത്തുണ്ടായ തകരാറും പരിഹരിക്കാൻ സാധിച്ചിട്ടില്ല. കേന്ദ്ര അലോട്ട്മെന്റിൽനിന്നും ലഭിക്കേണ്ട 1124 മെഗാവാട്ട് വൈദ്യുതി പൂർണ്ണമായും ഒരിക്കലും ലഭിച്ചിട്ടില്ല. തെക്കേ ഇന്ത്യയിൽ ലോഡ് ഷെഡ്ഡിംഗില്ലാത്ത സംസ്ഥാനം കേരളം മാത്രമാണ്. മറ്റുസംസ്ഥാനങ്ങളിൽ 8 മുതൽ 14 മണി ക്കൂർവരെയാണ് ലോഡ് ഷെഡ്ഡിംഗ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റും കേരളത്തിൽ ലോഡ് ഷെഡ്ഡിംഗും പവർകട്ടും ഏർപ്പെടുത്തിയിരുന്നു. രാമഗുണ്ടത്തെ തൊഴിലാളികൾ സമരം ചെയ്തതിന്റെ ഫലമായി മൂന്നു ദിവസം അരമണിക്കൂർവീതം കേരളത്തിൽ ലോഡ്ഷെഡ്ഡിംഗ് വേണ്ടിവന്നു. കേന്ദ്രം തരുന്ന 940 മെഗാവാട്ട് വൈദ്യുതി ലഭ്യമായില്ലെങ്കിൽ കേരളം ഇരുട്ടി ലാകും. ആവശ്യമുള്ള വൈദ്യുതിയുടെ 41 ശതമാനം മാത്രമാണ് കേരള ത്തിൽ ജനറേറ്റ് ചെയ്യുന്നത്. 59 ശതമാനം പുറത്തുനിന്നുമാണ് ലഭിക്കുന്നത്. ഇലക്ട്രിസിറ്റി അതോറിറ്റിയുടെ പഠനമനുസരിച്ച് 2020-ൽ കേരളത്തിലെ വൈദ്യുതി ഉപയോഗം ഏകദേശം 6000 മെഗാവാട്ടാകുമെന്നാണ് കണക്കാക്കി യിട്ടുള്ളത്. പരിസ്ഥിതിക്ക് ദോഷം വരാത്ത രീതിയിൽ ഹൈഡൽ പ്രോജക്ടു കൾ കൊണ്ടുവന്നില്ലെങ്കിൽ കേരളം ഇരുട്ടിലാകും. ആദ്യം വൈദ്യുതിക്ക് സർചാർജ് ഏർപ്പെടുത്തിയത് എൽ.ഡി.എഫ്. ഗവണ്മെന്റാണ്. എൽ.ഡി.എഫ്. ഗവണ്മെന്റ് 80 യൂണിറ്റിനുമേൽ 50 പൈസ സർചാർജ് ഏർപ്പെടുത്തിയ സ്ഥാനത്ത് ഈ ഗവണ്മെന്റ് 120 യൂണിറ്റിനുമേൽ 25 പൈസയാണ് ഈടാക്കാൻ തീരുമാനിച്ചിട്ടുള്ളത്. കൊറിയൻ കമ്പനിയുടെ ഇലക്ട്രിക്കൽ വർക്ക് നടന്നുകൊണ്ടിരിക്കുകയാണ്. പണം നഷ്ടപ്പെടാതിരിക്കുന്നതിനുള്ള മാർഗ്ഗം ഗവൺമെന്റ് ആലോചിക്കും. 100 ചതുരശ്ര കിലോ

മീറ്ററിലധികമുള്ളതും 25,000 കൺസ്യൂമേഴ്സുമുള്ള സ്ഥലങ്ങളിൽ പുതിയ സെക്ഷനുകൾ അനുവദിക്കും. സെക്ഷൻ ഇല്ലാത്ത സ്ഥലങ്ങളിൽ 20,000 കൺസ്യൂമേഴ്സും 100 സ്ക്വയർ കിലോമീറ്ററിൽ കൂടുതലും ഉണ്ടെങ്കിൽ അവിടെയും സെക്ഷൻ അനുവദിക്കും. സബ് എഞ്ചിനീയർ ആഫീസോ, ഓവർസീയർ ആഫീസോ ഇല്ലാത്ത പഞ്ചായത്തുകളിൽ ബിൽ കളക്ഷൻ സൗകര്യത്തോടുകൂടിയ ആഫീസുകൾ ആരംഭിക്കും. 2 ലക്ഷം കൺസ്യൂമേഴ്സിന് മുകളിൽവരുന്ന എല്ലാ ഡിവിഷനുകളും റീഓർഗനൈസ് ചെയ്യും. ഈ നോംസിനകത്ത് വരികയാണെങ്കിൽ കൊണ്ടോട്ടിയിലും മറ്റ് ചില സ്ഥലങ്ങളിലുംകൂടി ഡിവിഷൻ വരും. പ്രകൃതിക്ഷോഭം ഉണ്ടായാൽ മണ്ഡലാടിസ്ഥാനത്തിൽ ഒരുവർഷം ഒരു ലക്ഷം രൂപവരെ ചെലവ് ചെയ്യാൻ എം.എൽ.എ.മാർ ചെയർമാന്മാരായ കമ്മിറ്റികൾക്ക് അധികാരമുണ്ട്. ജലസംഭരണികളിൽ അടിഞ്ഞുകൂടുന്ന ചെളി നീക്കം ചെയ്യുന്നതിനെ സംബന്ധിച്ച് സ്റ്റഡി നടത്താൻവേണ്ടി എക്സ്പെർട്ട് കമ്മിറ്റിയെ നിയമിക്കുന്നതാണ്. രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ യോജന എന്ന പദ്ധതി തെക്കൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് തുക അനുവദിച്ചിട്ടുണ്ട്. അതോടെ ബി.പി.എൽ.കാർക്കും എ.പി.എൽ.കാർക്കും കണക്ഷൻ കൊടുക്കാനും സമ്പൂർണ്ണ വൈദ്യുതീകരണം കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കാനും കഴിയും. എ.പി.ഡി.ആർ.പി സ്കീം നടപ്പിലാക്കിയും സി.എഫ്.എൽ. ഉപയോഗിച്ചും ടി.ആന്റ് ഡി. ലോസ് കുറയ്ക്കും. ഉപയോഗശൂന്യമായ സി.എഫ്.എൽ. കളക്ട് ചെയ്യുന്നതിന് എക്സ്പെർട്ടുകളോട് ആലോചിച്ച് നടപടികൾ സ്വീകരിക്കും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സഭയിൽ വന്ന നിർദ്ദേശങ്ങളും വിമർശനങ്ങളും ഉൾക്കൊണ്ടുകൊണ്ട് ഈ വകുപ്പിനെ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് പരിശ്രമിക്കും. എൽ.എസ്.ജി.ഡി. യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയാണ് കൂടുതൽ മന്ത്രിമാരെ ചുമതലപ്പെടുത്തിയിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്കുള്ള ഓണറേറിയം ആയിരം രൂപയായി വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇറങ്ങിക്കഴിഞ്ഞു. ഇ.എം.എസ്. പാർപ്പിട പദ്ധതിയുടെ കാലാവധി മാർച്ച് വരെ നീട്ടിയതിനാൽ ഇനി വീട് ലഭിക്കാനുള്ളവർക്ക് അത് ലഭ്യമാക്കേണ്ടത് ഈ ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. സ്വന്തമായി കെട്ടിടമില്ലാത്തതും പത്ത് സെന്റ് സ്ഥലം ലഭ്യമാക്കുന്നതുമായ അംഗൻവാടികൾക്ക് ഡബ്ല്യു.എൻ.പി. പദ്ധതിയിൽ അവശേഷിക്കുന്ന പണം ഉപയോഗിച്ച് കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും അവയെ പകൽവീടുകളായും കൗമാരപ്രായമായ പെൺകുട്ടികൾക്കുള്ള റിസോഴ്സ് സെന്ററായും വരുംകാലങ്ങളിൽ ഉപയോഗിക്കാൻ ഉതകുന്ന വിധത്തിലുള്ള മാതൃകാ അംഗൻവാടികളാക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട് അംഗൻവാടികളെ ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ നിലവാരത്തിലേക്ക് ഉയർത്താൻ നടപടി സ്വീകരിക്കുന്നതാണ്. വികലാംഗർക്ക് സംവരണം ലഭിക്കുന്നതിന് സൂപ്പർ ന്യൂമററി തസ്തികകൾ ഉണ്ടാക്കി വിവിധ വകുപ്പുകളിലെ ബാക്ക്ലോഗ് ഫിൽ ചെയ്യാൻ തീരുമാനം എടുത്തിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിൽ പൂർണ്ണമായും അന്ധത ബാധിച്ചവർക്കും നിയമനം ലഭിക്കുന്നതിനുവേണ്ടി എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ടിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ആരോഗ്യ ഡയറക്ടറേറ്റിനേയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പി

നേയും ഉൾപ്പെടുത്താൻ തീരുമാനം എടുത്തിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡിലും വാട്ടർ അതോറിറ്റിയിലും റീഡർ തസ്തികയിൽ ലോ വിഷൻ, ഡെഫ്, ചലനത്തിൽ അപ്പർ എക്സ്ട്രിമിറ്റി വീക്ക്നെസ്സ് എന്നിവ ഉള്ളവരേയും പരിഗണിക്കാൻ തീരുമാനിച്ചു. ഫിസിക്സ് അദ്ധ്യാപക തസ്തി കയിൽ അപ്പർ എക്സ്ട്രിമിറ്റി വീക്ക്നെസ്സ് ഉള്ളവരെ പരിഗണിക്കാൻ തീരുമാ നിച്ചു. ഇതിന് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേയോ താലൂക്ക് ഹെൽത്ത് സെന്ററിലേയോ ഡോക്ടറുടെ സർട്ടിഫിക്കറ്റ് മതി എന്ന അമെന്റ്മെന്റ് കൊണ്ടുവരുന്നതാണ്. മൾട്ടിപ്പിൾ വൈകല്യമുള്ളവർക്ക് ഐഡന്റിറ്റി കാർഡ് സംവിധാനം ഏർപ്പെടുത്തുന്നതാണ്. പീഡിതരായ സ്ത്രീകളെ പുനരധി വസിപ്പിക്കുന്നതിനും ഫാസ്റ്റ് ട്രാക്ക് കോർട്ടുകളും ഹെൽപ്പ്ലൈൻ സൗകര്യ ങ്ങളും ഉണ്ടാക്കുന്നതിനും വേണ്ടി 'നിർഭയ' എന്ന സംരംഭം ആരംഭിക്കും. 'കില'-യെ ഡീംഡ് യൂണിവേഴ്സിറ്റി ആക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തന ങ്ങൾ നടന്നുവരുന്നു. ഗ്രാമസഭകൾക്ക് ട്രെയിനിംഗ് ആരംഭിക്കുന്നതിന് തീരു മാനമെടുത്തു. ഒരു വർഷത്തിൽ 200 കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി ചെയ്യുന്ന പദ്ധതിക്ക് സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴിയും മുഖ്യമന്ത്രി യുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമായി അഞ്ച് ലക്ഷം രൂപ ചെലവിടാൻ തീരുമാനിച്ചിട്ടുണ്ട്. മഹിളാ മന്ദിരങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കും. സർക്കാർ ഏറ്റെടുത്ത് ശ്രീചിത്രാ ഹോമിന്റെ അപാകതകൾ പരിഹരിക്കുന്നതി ന് നടപടികൾ സ്വീകരിച്ചു. സ്ത്രീകൾക്ക് മാത്രമായി കോഴിക്കോടും തിരുവനന്തപുരത്തും ജെന്റർ പാർക്കിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. പഞ്ചായത്തുകളിലെ എ.ഇ.മാരുടെ കുറവ് നികത്തി എം.എൽ.എ. സ്കീമുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. ബ്ലോക്ക് തലത്തിൽ എ.ഇ.

മാരെ നിയമിക്കുന്ന കാര്യം ക്യാബിനറ്റ് തീരുമാനിക്കുന്നതാണ്. 2012 ജനുവരി മാസത്തിൽത്തന്നെ തെരഞ്ഞെടുപ്പ് പ്രക്രിയകളെല്ലാം പൂർത്തിയാക്കി ത്രിതല സംവിധാനത്തിൽ കുടുംബശ്രീയുടെ പുതിയ ഭരണ സമിതികൾ നിലവിൽ വരും. കുടുംബശ്രീയെ കൂടുതൽ ശക്തിപ്പെടുത്താനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. കുടുംബശ്രീ വഴി മഹിളാ കിസാൻ ശാക്തീകരണ യോജന നടപ്പാക്കുന്നതിനെപ്പറ്റി ആലോചിക്കും. ജില്ലാ പഞ്ചായത്തിന്റെ പദ്ധതികൾക്ക് എസ്.എൽ.ടി.എ.ജി. (സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ്) കൂടി ക്ലിയറൻസ് കൊടുക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും സ്പിൽ ഓവറായ പദ്ധതികൾക്കെല്ലാം അംഗീകാരം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾ മൂലമുണ്ടാകുന്ന കാലതാമസം ഒഴിവാക്കി പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX -ാം നമ്പർ ധനാഭ്യർത്ഥനയും 62-നെതിരെ 71 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സംസ്ഥാന നിയമസഭ എന്ന I -ാം നമ്പർ ധനാഭ്യർത്ഥനയേയും

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയേയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII -ാം നമ്പർ ധനാഭ്യർത്ഥനയേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയേയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവകവായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുന്നു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**റൂളിംഗ്**

**മേശപ്പുറത്ത് വയ്ക്കേണ്ട കടലാസുകൾ സംബന്ധിച്ച്**

മി. സ്പീക്കർ : നിയമസഭയുടെ മേശപ്പുറത്ത് ഏതൊക്കെ കടലാസ്സുകൾ സമർപ്പിക്കണമെന്ന് നിയമസഭാ നടപടി ചട്ടം 166-ൽ പ്രതിപാദിക്കുന്നുണ്ട്. ഇതിനുപുറമെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകളും കണക്കുകളും സി. & എ.ജി.യുടെ ഓഡിറ്റ് റിപ്പോർട്ടുകളും കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് പ്രകാരം ഗവൺമെന്റ് നിയോഗിക്കുന്ന കമ്മീഷന്റെ റിപ്പോർട്ടുകളും സഭയുടെ മേശപ്പുറത്ത് ചട്ടപ്രകാരം വയ്ക്കേണ്ടതുണ്ട്. സഭയിൽ ഹാജരാക്കിയിട്ടില്ലാത്ത ഔദ്യോഗിക പത്രമോ മറ്റ് സംസ്ഥാനിക രേഖയോ സംബന്ധിച്ച് ഒരു മന്ത്രി സഭയിൽ പരാമർശിക്കുകയാണെങ്കിൽ

പ്രസ്തുത കടലാസ് സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് ചട്ടം 295 അനുശാസിക്കുന്നുണ്ട്. എന്നാൽ മന്ത്രി പ്രസ്തുത രേഖയുടെ ചുരുക്കം തന്റെ സ്വന്തം വാക്കുകളിൽ നൽകുകയാണെങ്കിൽ പ്രസ്തുത രേഖ മേശപ്പുറത്ത് വയ്ക്കേണ്ടതില്ല എന്ന് 295-ാം ചട്ടത്തിന്റെ ക്ലിപ്ത നിബന്ധനയിൽ വ്യക്തമാക്കിയിട്ടുണ്ട്. മന്ത്രി തനിക്ക് നൽകപ്പെട്ട ഉപദേശമോ അഭിപ്രായമോ ഏത് മാർഗ്ഗത്തിൽക്കൂടിയാണ് കിട്ടിയതെന്ന് വെളിവാക്കുമ്പോഴുള്ള നടപടിക്രമമാണ് ചട്ടം 297-ൽ പ്രതിപാദിച്ചിട്ടുള്ളത്. ഇന്ന് പ്രതിപക്ഷ ഉപനേതാവ് ഇവിടെ ഉന്നയിച്ച വിഷയം ചട്ടം 297-ന്റെ പരിധിയിൽ വരുന്നതല്ല. അതിനാധാരമായ ചട്ടം 295 ആണ്. മുഖ്യമന്ത്രി തനിക്ക് കിട്ടിയ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിലെ സാരാംശം അദ്ദേഹത്തിന്റെ വാക്കുകളിൽ ഇവിടെ നൽകുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ ചട്ടം 295-ന്റെ ക്ലിപ്ത നിബന്ധന പ്രകാരം പ്രസ്തുത റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതില്ല എന്ന് ചെയർ റൂൾ ചെയ്യുന്നു.

സഭ വൈകുന്നേരം 04.45-ന് പിരിഞ്ഞു.

************